# ഗവ. ഹൈസ്കൂൾ പണയിൽ

## പെരിനാട് കൊല്ലം

### ഡിജിറ്റൽ മാഗസീൻ

### 2023-2024

# ജ്വാല

ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്.എസ്. പണയിൽ



# സന്ദേശം

പണയിൽ ഗവ. ഹൈസ്കൂളിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന കമ്പ്യൂട്ടർ ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. ഹൈടെക്ക് വിദ്യാലയത്തിന്റെ ഭാഗമായി രൂപം കൊണ്ട ഈ കൂട്ടിപ്പട്ടത്തിന്, കമ്പ്യൂട്ടർ രംഗത്തെ പുത്തൻ പ്രവണതകൾ അടുത്തറിയാനും സ്വാംശീകരിക്കാനും മറ്റു കുട്ടികൾക്ക് പകർന്നു നല്കാനും കഴിയുന്നുണ്ട്. 2023-2024 വർഷത്തെ പ്രവർത്തനത്തിന്റെ ഭാഗമായി രൂപം നല്കിയ ജ്വാല എന്ന ഈ ഡിജിറ്റൽ മാസിക സർഗ്ഗവാസനയുടെ ഏറ്റവും മികച്ച ഉദാഹരണം തന്നെയാണ്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ബിന്ദു ടി. ആർ.**
**ഹെഡ്മിസ്ട്രസ്സ്**

# ഉള്ളടക്കം


| | | | |
|---|---|---|---|
| എഡിറ്റോറിയൽ | 4 | WHICH IS BETTER | 41 |
| ചാറ്റൽ മഴ | 5 | കണ്മണി | 42 |
| കൃഷിക്കാരൻ | 6 | BODY LANGUAGE | 43 |
| നിർവൃതി | 7 | മഴ | 44 |
| ഒരു പിശുക്കൻ | 8 | THE TRUE FRIENDSHIP | 45 |
| യാമിനി | 9 | UGLY CRITICISM | 49 |
| സഫലമീയാത്ര | 11 | DIGITAL PAINTING | 50 |
| ചന്ദ്രനെക്കുറിച്ച് | 15 | മിന്നാമിന്നി | 51 |
| പറുദീസയിലെ പക്ഷികൾ | 16 | SERVANT | 52 |
| ഒരു തെന്മല യാത്ര | 19 | ഓർമ്മ | 53 |
| പിയ്യാം പിയ്യാം | 21 | കുഞ്ഞുണ്ണി മാഷ് | 54 |
| മഴപ്രണയത്തിന്റെ മധുരം | 22 | PAINTINGS | 55 |
| കുടുംബം | 23 | മഹദ്വചനങ്ങൾ | 56 |
| കീറിയ ചകലാസ് | 25 | ഭാവനാമാല്യം | 57 |
| ഗാസയുടെ വിലാപം | 27 | നമ്മളൊന്ന് | 58 |
| GOING BEYOND ABILITY | 28 | NEYYAR IRRIGATION | 59 |
| തകരുന്ന പെൺകുലം | 29 | ANIMAL HUSBANDRY & DIARY | 60 |
| റപെൺസൽ | 30 | ചങ്ങമ്പുഴ കൃഷ്ണപിള്ള | 61 |
| സമുദ്രം | 31 | KATHAKALI | 62 |
| പ്രാവും കുഞ്ഞനുറുമ്പും | 35 | പ്രകൃതി | 63 |
| ടീസ്പൂൺ നായ്ക്കുട്ടി | 36 | ദൈവം കണ്ണടയ്ക്കുന്നു | 64 |
| ആലപ്പുഴയുടെ ഓളങ്ങൾ | 37 | PUBLIC DISTRIBUTION SYSTEM | 65 |
| THE MILKMAID'S DREAM | 40 | A R RAHMAN | 66 |

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസീൻ – ജ്വാല വളരെ അഭിമാനത്തോടെയാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്. ഒരു കൂട്ടായ പ്രവർത്തനത്തിന്റെ ഉല്പന്നമാണിത്. ഒരു മാഗസീൻ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഒരുപാടു പേരുടെ സഹായങ്ങൾ ഞങ്ങൾക്കു ലഭിച്ചിട്ടുണ്ട്. ഇതിലെ രചനകൾ ടൈപ്പു ചെയ്ത് തയ്യാറാക്കുക എന്നതായിരുന്നു ഏറ്റവും വലിയ ടാസ്ക്. എഡിറ്റിങ്ങും ശ്രമകരമായ പണി തന്നെയായിരുന്നു. രണ്ടാഴ്ചയോളം എല്ലാ അംഗങ്ങളും ആത്മാർത്ഥതയോടെ പരിശ്രമിച്ചതിന്റെ ഫലമാണ് ഇത്രയെങ്കിലും മനോഹരമാക്കാൻ കഴിഞ്ഞത്. നല്ല കുറേ അനുഭവങ്ങളും ഇതിലൂടെ ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. പരമാവധി നന്നാക്കാൻ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. എങ്കിലും ചില തെറ്റുകൾ പറ്റിയിട്ടുണ്ടാകാം. അവയൊക്കെ ക്ഷമിക്കുമല്ലോ. ഈ സത്സംരംഭത്തിൽ സഹകരിച്ചവർക്കെല്ലാം നന്ദി സൂചിപ്പിച്ചു കൊണ്ട്, വായനക്കാർക്കായി ജ്വാല സമർപ്പിക്കുന്നു...

ജ്യോതിക അഭിലാഷ്
ക്ലാസ്സ് - 9C

കവിത

# ചാറ്റൽ മഴ



**മാനത്ത് വിടരും കാർമേഘങ്ങൾ പനിനീർ**

**പൂക്കൾപോലെ പൊഴിയും മുത്തുകൾ കാണാൻ,**

**കണ്ടുനിൽക്കാൻ നയനങ്ങൾ കൊതിക്കുന്നു**

**മഴയാൽ ഹൃദയത്തിൽ കൂട്ടുകൂട്ടും ചില ഓർമ്മകൾ**

**എന്നും നിൻ ചിന്തയിൽ തങ്ങിനിൽക്കും...**

ആമിന

**Std. X**

കഥ

# കൃഷിക്കാരൻ

ഒരിക്കൽ ഒരിടത്ത് ധനികനായൊരു കഷിക്കാരൻ ജീവിച്ചിരുന്നു അയാൾക്ക് മൂന്ന് മക്കളുണ്ടായിരുന്നു. തനിക്കിനി അധികകാലം ഇല്ലെന്ന് മനസ്സിലാക്കിയ കൃഷിക്കാരൻ തന്റെ മക്കളെ അടുത്തേക്ക് വിളിപ്പിച്ചു മക്കളെ കൃഷിക്കാരൻ പറഞ്ഞു. എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്. നമ്മുടെ പൂർവികർ മുതൽ കൈമാറിവരുന്ന ഭൂമിയാണിതെല്ലാം അതൊന്നും നിങ്ങൾ ഉളക്കരുത് അതിലെ ഒരു സ്ഥലത്ത് നിധിയുണ്ട് പക്ഷെ ശരിയായിട്ടുള്ള സ്ഥലം എനിക്കറിയില്ല. തീർച്ചയായും എവിടെയോ അതുണ്ട്. നിങ്ങൾ നിധി അന്വേഷിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം ഒരു സ്ഥലവും നശിപ്പിക്കരുത്. ഇത്രയും പറഞ്ഞ് കർഷകൻ മരിച്ചു. അധികം താമസിയാതെ മക്കൾ നിധിക്കായി പുറപ്പെട്ടു. എല്ലാവരും കൂടി വയലെല്ലാം കിളച്ചുനോക്കാൻ തീരുമാനിച്ചു. ഒരു സ്ഥലം പോലും വിടാതെ അവരെല്ലായിടത്തും കിളച്ചു മറിച്ചു. അങ്ങനെ രണ്ട് മൂന്ന് തവണ വയലെല്ലാം കിളച്ച് മറിച്ചു. ഇന്തയേറെ അധ്വാനിച്ചിട്ടും അവർക്ക് ഒരു നിധിപോലും കണ്ടെടുക്കാ നായില്ല. പിന്നീടവർ തങ്ങൾ കഠിനാധ്വാനം ചെയ്ത കൃഷിസ്ഥലത്ത് ധാന്യങ്ങൾ വിതച്ചു.

വിളവെടുപ്പ് കഴിഞ്ഞപ്പോൾ എല്ലാ കണക്കുകളും തീർത്തിട്ട് ലാഭമായി ധാരാളം പണം അവർക്ക് ലഭിച്ചു. ആ നാട്ടിൽ, ആർക്കും ലഭിക്കാത്ത അത്ര പണമാണ് അവർക്ക് ലഭിച്ചത്. അവർക്ക് അപ്പോഴാണ് മനസ്സിലായത് തങ്ങളുടെ പിതാവ് പറഞ്ഞ നിധി എന്താണെന്ന്. അധ്യാനത്തിന് ഭലമായി ലഭിച്ച അതിശക്തമായ വിളവ്. അവരുടെ കൃഷിസ്ഥലത്ത് നിന്ന് തന്നെ അവർക്ക് നിധി കണ്ടെടുക്കാൻ കഴിഞ്ഞു.

**അർച്ചന (10 A)**

കവിത

# നിർവൃതി

തിങ്കളുദിക്കും നേരത്ത്
രാപ്പാടിയുണരും നേരത്ത്
എൻ മനസ്സിൽ ഒരു കോണിൽ
ശാന്തമാം തിരയിളകി
ഒരു ശാന്തമാം തിരയിളകി
ഈ മനോഹരമാം പ്രപഞ്ചത്തിൽ
ഒരു വർണ്ണ ശലഭമായ് ഞാൻ പറന്നു
ശാന്തി തന്നീണത്തിൽ
ഒരു സുന്ദരഗാനം തീർത്തു
ഞാൻ ഒരു സുന്ദരഗാനം തീർത്തു
ഒരു നിർവൃതിതൻ നീലിമയിൽ
പ്രകൃതിതൻ മടിയിൽ തലചായ്ച്ചുറങ്ങി
ലോകം ചുറ്റും നേരത്തിൽ
ഒരു സ്നേഹത്തിൻ കഥയും തീർത്തു
ഞാനൊരു സ്നേഹത്തിൽ കഥയും തീർത്തു

ബിജുദേവ്
Std. X

കഥ

# ഒരു പിശുക്കൻ

കുറേ വർഷങ്ങൾക്ക് മുമ്പ് ഒരു വലിയ പിശുക്കൻ ജീവിച്ചിരിപ്പുണ്ടായിരുന്നു. തൻ്റെ പക്കലുള്ള സ്വർണ്ണമെല്ലാം തോട്ടതിലൊരു കുഴി എടുത്ത് അയാൾ ഒളിപ്പിച്ചുവെച്ചു. ഓരോ ദിവസവും അയാൾ തോട്ടത്തിലേക്ക് പോയി ആ കുഴിയിലുള്ള സ്വർണ്ണം പുറത്തേക്ക് എടുത്ത് അതെല്ലാം എണ്ണി തിട്ടപ്പെടുത്തി. വീണ്ടും തിരികെവെയ്ക്കുമായിരുന്നു.

എല്ലാദിവസവും പിശുക്കൻ എന്തിനാണ് തോട്ടത്തിലേക്ക് പോകുന്നതെന്ന് അറിയാൻ ആയിട്ട് ഒരു കള്ളൻ പിശുക്കന്റെ പിറകെ ചെന്ന് നടക്കുന്ന കാര്യങ്ങൾ എല്ലാം ഒളിഞ്ഞ് നിന്ന് കണ്ടു. അന്ന് രാത്രി തന്നെ കള്ളൻ തോട്ടത്തിലേക്ക് വന്ന് കുഴിയിൽനിന്ന് സ്വർണ്ണമെല്ലാം മോഷ്ടിച്ചുകൊണ്ട് പോയി രാവിലെ തോട്ടത്തിലേക്ക് വന്ന പിശുകൻ തൻ്റെ സ്വർണ്ണമെല്ലാം മോഷണം പോയതുകണ്ട് വല്ലാതെ വിഷമിച്ചു.

അദ്ദേഹം സങ്കടം കൊണ്ട് കരയാൻ തുടങ്ങി ദേശ്യത്തിൽ മുടിയെല്ലാം പറിച്ചെടുത്തു ആ സമയത്ത് അതിലെ പോയൊരാൾ അയാളോട് എ-ന്തിനാണ് വിഷമിക്കുന്നതെന്ന് ചോദിച്ചു. എൻ്റെ സ്വർണ്ണമെല്ലാം കളവുപോയി. ആ പിശുക്കൻ കരഞ്ഞുകൊണ്ട് കാര്യങ്ങളെല്ലാം പറഞ്ഞു. ആരോ എല്ലാ സ്വർണ്ണവും മോഷ്ടിച്ച് കൊണ്ട് പോയി.

സ്വർണ്ണമോ അതും ഈ കുഴിയിലോ. എന്തിനാ നീ ആ സ്വർണ്ണമെല്ലാം ഇവിടെ കൊണ്ട് വന്ന് സൂക്ഷിച്ചത് നിൻ്റെ വിട്ടിൽ തന്നെ ഭദ്രമായി വയ്ക്കാവുന്നിരുപ്പ ! ന്നെല്ലോ മാത്രമല്ല ആ സ്വർണ്ണം കൊണ്ട് നിനക്ക് ഒരുപാട് സാധനങ്ങളും വാങ്ങാമായിരുന്നു.

വാങ്ങുകയോ എന്നയാൾ ദേശ്യത്തിൽ അലറി. സാധനം വാങ്ങുകയോ? ഞാനാ സ്വർണ്ണം ഒന്ന് തൊട്ട് പോലും നോക്കി യിട്ടില്ല. എൻ്റെ കൈയ്യിലുണ്ടായ സ്വർണ്ണമെല്ലാം ഞാൻ ചിലവാക്കാൻ ആഗ്രഹിച്ചിട്ടില്ല.

അപ്പോൾ ആ അപരിചിതൻ വലിയ കല്ലെടുത്ത് ആ കുഴിയിലേക്കിട്ടു എന്നിട്ട് പറഞ്ഞു ആ സ്വർണ്ണം കൊണ്ട് നീ ഒന്നും വാ ങ്ങിച്ചിട്ടില്ലെങ്കിൽ ഈ കല്ല് നിൻ്റെ സ്വർണ്ണമാണ് എന്ന് വിചാരിച്ചാൽ മതി കാരണം നിൻ്റെടുത്തുള്ള സ്വർണ്ണത്തിനും ഈ കല്ലിനും മതിപ്പൊന്നു തന്നെയാണ്.

**ഗുണപാഠം - ധനം ആവശ്യത്തിന് ഉപയോഗിക്കാനുള്ളതാകണം ഉപകരിക്കാനുള്ളതുമാണ്.**

**ശിവപ്രിയ**
**Std. X**

കവിത

# യാമിനി

പകലിന്റെ യാമത്തിൽ,

രാത്രിയെ ഞാൻ സ്നേഹിച്ചു
രാത്രിയോ അവൾ കറുപ്പിനെ
സ്നേഹിച്ചുപോൾ,
അമ്പിളിതൻ ശോഭ
രാത്രിയെ സുന്ദരിയാക്കി
ആകാശത്തിൻമീതെ നക്ഷത്രങ്ങൾ
ചെറുചിരി തൂക്കിനിന്നപോൾ
ഈ രാത്രിതൻ രൂപം, ഈ
ഭൂമിയെ എത്രയോ സുന്ദരിയാക്കി

**രാജലക്ഷ്മി**
**Std. X**

# സഫലമീയാത്ര

(കവിതയ്ക്ക് ഒരു ആസ്വാദനം)

ക്യാൻസർ വന്ന് വേദനയുടെ കയ്പ്പ് നീർ കുടിച്ചിറക്കുന്ന വേള- യിലാണ് കക്കാട് സഫലമീയാത്ര എന്ന കവിത രചിച്ചത്. മരണം മുന്നിൽ കണ്ട കവി ജീവിതയാത്ര സഫലമാണെന്ന് കവി നമ്മോട് പറയുന്നു.

സഫലമീയാത്ര ആരംഭിക്കുന്നത് കവി തൻ്റെ പതിയോട് നടത്തുന്ന സ്നേഹസം ഭാഷണമെന്ന നിലയിലാണ്. രോഗ ബാധിതമായ ശരീരത്തോടെ ജനലഴി പിടിച്ച് പുറത്തേക്ക് നോക്കുന്ന കവി പ്രിയ സഖിയോട് തന്റെ അടുത്തേക്ക് ചേർന്ന് നിൽക്കാൻ ആവ- ശ്യപ്പെടുകയാണ്. ഏത് നിമിഷവും തന്റെ ശരീരമാകുന്ന പഴങ്കൂട് നിലം പതിക്കാമെന്ന കവി കണക്കു കൂട്ടുന്നുണ്ട്. കൊടും വേനൽ ഒഴിഞ്ഞു നിൽക്കുന്ന ധനുമാസരാവിൽ ആതിര വരുകയും പോകുകയും ചെയ്യുന്നത് ആർദ്രമായ നിസംഗതയോടെ കവി നോക്കികാണുന്നു. നീയടുത്ത് നിൽക്കുന്നതു കൊണ്ടാവാം വ്രണമുള്ള തൊണ്ടയിൽ ഇന്ന് വേദന അൽപം കുറവുണ്ട് . രോഗപീഡയിൽ നിന്ന് അൽപം ആശ്വാസം ലഭിക്കുമ്പോൾ കവിമനസ്സ് നിലാവിൻ്റെ പിന്നിലെ അനന്തതയിലേക്കും അതിലലിയുന്ന ഇരുൾ നീലിമയിലേക്കും സഞ്ചരിക്കുന്നു. ഓർമകളിലേക്കുള്ള നിശബ്ദസഞ്ചാരമാണ് ഇവിടെ കവി നടത്തുന്നത്. ഏകാന്തതാരകളെ കാണാനുള്ള അദ്ദേഹത്തിൻ്റെ ആഗ്രഹം ഓർമകളിലേക്കുള്ള സഞ്ചാരത്തിൻ്റെ തുടക്കമായി കാണാം.

ശബ്ദങ്ങളിലൂടെ രൂപങ്ങൾ തിരിച്ചറിഞ്ഞതും വേദനയിൽ പുളഞ്ഞ് മരുന്നുകളിൽ രാത്രികൾ കഴിഞ്ഞു പോയതു മെല്ലാം കവി ഓർമ്മിക്കുന്നു. ശരീരത്തിന് എത്ര വേദനയുണ്ടെങ്കിലും സ്നേഹമുള്ള ഒരു കൈ തൊടുന്നതും സ്നേഹിക്കുന്നവർ തന്നെ ചൊല്ലി വ്യകുലപ്പെടുന്നത് അറിയുന്നതും കരളിൽ കുളിരു നിറയ്ക്കുന്നു. ഈ രോഗത്തിൽ കഴിയുന്ന നാളുകളിൽ നിശബ്ദമായി കടന്നു വരുന്ന ആതിരയെ പ്രിയതമയുടെ കൈകൾ കോർത്ത് പിടിച്ച് എതിരേൽക്കുകയാണ് കവി. വരും കൊല്ലം ആതിരയെ വരവേൽക്കാൻ ആരാണുണ്ടാവുക എന്നറിയി ല്ലല്ലോ. ജീവിതത്തിൻ്റെ അനിശ്ചിതാവസ്ഥയെ കുറിച്ചുള്ള കവിനിരീക്ഷണമാണ് ഈ വരികളിൽ തെളിയുന്നത്.

ഇതു കേട്ട മാത്രയിൽ കണ്ണു നിറഞ്ഞ സഖിയോട് ഇനിയുള്ള ദിനങ്ങൾ ആനന്ദം നിറയ്ക്കാൻ കവി ആവശ്യപ്പെടുകയാണ്. ജീവിതമാകുന്ന മധുപാത്രം മിഴിനീർ ചവർപ്പുപെടാതെ ആവോളം മോന്തിക്കുടിക്കാനാണ് കവി ആഗ്രഹി ക്കുന്നത്.

കണ്ണുനീര്, ജീവിതത്തെ ചവർപ്പുള്ളതാക്കി മാറ്റുന്നതാണ്. അതിനാൽ ചിരിച്ചു കൊണ്ട് ജീവിതത്തെ സമീപിക്കണം. നേർത്തനിലാവിൻ്റെ അടിയിൽ തെളിയുന്ന ഇരുളിൻ്റെ അറകളിൽ നിന്ന് ഒരിക്കലും മായ്ക്കാൻ കഴിയാത്ത ഓർമകളെടുക്കണം എന്ന് കവി പ്രിയതമയോട് പറയുന്നു. തുടർന്ന് ഓർമ്മകൾ വീണ്ടെടുക്കാനുള്ള ശ്രമം കവി നടത്തുകയാണ്. നെറുകയിൽ ഇരുട്ടുമേന്തി പാറാവ് നിൽക്കുന്ന തെരുവുവിള ക്കുകൾക്കപ്പുറം ബധിരമായ ബോധത്തി നപ്പുറമുള്ള ഓർമ്മകൾ കവി തിരയുകയാണ്. പിന്നിട്ട ദാമ്പത്യത്തിൻ്റെ സമഗ്രമായ ചിത്രമാണ് ഈ വരികളിൽ ലർണ്ണിച്ചിരിക്കുന്നത്. ജീവിത സന്ദർഭങ്ങളിൽ നിലനിൽപ്പിനായി പിടിച്ച് ഒരുപാട് അഭിനയവും പലതരം വേഷപ്പകർച്ചകളും ആവശ്യമായി വരും : പല നിറം കാച്ചിയ വളകൾ, പല മുഖം കൊണ്ടുള്ള എതിരേൽക്കൽ എന്നിവ അതാണ് സൂചിപ്പിക്കുന്നത്. നൊന്തും പരസ്പരം നോവിച്ചും മൂന്ന് പതിറ്റാണ്ട് ഒരുമിച്ചു ജീവിച്ചവരാണ് അവർ

അറിയാത്ത പല വഴികളിലൂടെയും അസഞ്ചരിച്ചു. ജീവിതപ്രയാണ ത്തിനിടയിൽ മന: ശാന്തിയുടെ മാധുര്യം നുണയുവാൻ ഒരുപാട് യാതനകകൾ സഹിക്കേണ്ടി വന്നു. ഓർമ്മകൾ ഒക്കെയും വഴിയോര കാഴ്ച്ചകൾ പോലെ പിറകിലേക്കോടി മറഞ്ഞിരിക്കുന്നു. അവർ ഇരു പേരും ജീവിതയാത്രയിൽ പാതിയിലേറെ വഴി താണ്ടി കഴിഞ്ഞി

രിക്കുന്നു. ഓർമകളുണ്ടായിരിക്കണം. അതു കൊണ്ടാണല്ലോ വീണ്ടുമൊരു ആതിര വരുന്നു വെന്നത് നാം അറി-

ഞ്ഞത്. പലതരത്തിലുള്ള ഓർമ്മകളിലൂടെയാണ് പിന്നീട് കവി മനസ്സ് കടന്ന് പോകുന്നത്. ഇത്തിരി കൂടെ

നടന്നവ, ഇത്തിരി കിന്നാരം പറഞ്ഞവ, കണ്ണീര് വരുവോളം ഉറക്കെ ചിരിച്ച് കവിള് തുടുത്തവ, ഏറെ കരഞ്ഞ്

കൺ പോള വീർത്തവ, കെട്ടിപ്പുണർന്ന്മുകർന്നവ, കുഞ്ഞി പിളർന്ന് മരിച്ചവ

കൊന്നവ, മൊട്ടായിരിക്കുമ്പോൾ പുഴു

തിന്നവ, പാതി വിടർന്ന് നിലം പതിച്ചവ, വഴിപ്പോക്കർ ഇരുളിൽ ചവിട്ടിയരച്ചവ, ഓർക്കാപ്പുറത്ത് കാൽ ചുവട്ടിൽ ഫണം വിരിച്ചവ, ഇങ്ങനെ മാർമകളെ അനേകം ബിംബകൽപ്പനകളിലൂടെ കവി ആവിഷ്കരിക്കുന്നത്.

പല ഓർമകളും മുഖങ്ങൾ നഷ്ട പ്പെട്ടവയാണ്. ഇന്ന് അതൊന്നു ഓർത്തെടുക്കാൻ കഴിയുന്നില്ല. പഴയ കാര്യങ്ങൾ പലതും നിനക്ക് ഓർമ്മ വരുന്നു ണ്ടോ ഇപ്പോഴത്തെ വിഷമ ഘട്ടത്തിൽ ഇതെല്ലാം നാം ഓർത്താലും ഓർക്കാതിരുന്നാലും ഈ വഴി ആതിരയെത്തും, കടന്നു പോവുകയും ചെയ്യും. നാം ഈ ജനലിലൂടെ ആതിരയെ എതിരേൽക്കും.

പഴയ ഓർമ്മകൾ ഒഴിഞ്ഞ താലം വിറയാർന്ന കൈകളിൽ പിടിച്ച് ഒരിറ്റ് കണ്ണീർ വീഴാതെ മനസ്സിട റാതെ സന്തോഷത്തോടെ ഇരുപേരും തിരുവാതിരയെ എതിരേൽക്കണം. കാലം ഇനിയും മുന്നോട്ട് സഞ്ചരിക്കും. കാല ചക്രത്തിനനുസരിച്ച് ഏറെ മാറ്റങ്ങൾ വരും. വിഷുവും വർഷവും തിരുവോണവുമെല്ലാം ഇനിയും വരും. ഒരോ തളിരിനും പൂവ് വരും കായ് വരും അപ്പോൾ അന്നെല്ലാ ആരാണ ണ്ടാവുക എന്ന് ആർക്കും പറയാൻ കഴിയില്ല. അത്കൊണ്ട് ഈ തിരുവാതിരയെ നമുക്ക് ആർദ്രമായി ശാന്തമായി എതിരേൽക്കാം . അതിന് പ്രിയസഖി നീ അരികത്തു ചേർന്ന് നിൽക്കു. പഴയൊരു വിവാഹമന്ത്രം ഓർത്ത് താങ്ങയി നമുക്ക് നിൽക്കാമെന്നും കവി ഇവിടെ പറയുന്നു.

**അക്ഷിത**
**Std. X**

ലേഖനം

# ചന്ദ്രനെക്കുറിച്ച്

മിക്ക ദിവസവും രാത്രി മാനത്തു തെളിയുന്നയാളാണെങ്കിലും ചന്ദ്രനെക്കുറിച്ച് പത്തു കാര്യം, പറയാൻ പറഞ്ഞാൽ എത്ര പേർക്കു കഴിയുമെന്ന കാര്യം സംശയമാണ് ഭൂമിയുടെ ഒരേയൊരു സ്വാഭാവിക ഉപ ഗ്രഹമാണ് ചന്ദ്രൻ. സൗരയൂഥത്തിലെ അഞ്ചാമത്തെ വലിയ ഉപഗ്രഹം ഭൂമി- യിൽ നിന്ന് ചന്ദ്രനിലേക്ക് ശരാശരി 3,84,403കി.മീറ്റർ ദൂരമുണ്ട്. ഭൂമിയുടെ വ്യാസത്തിൻ്റെ 30 മടങ്ങ് വരും ഇത്. ചന്ദ്രൻ്റെ വ്യാസം 3476 കിലോമീറ്ററാണ്. 27.3 ദിവസങ്ങളെടുത്താണ് ചന്ദ്രൻ ഒരുതവണ ഭൂമിയെ പ്രദക്ഷിണം വയ്ക്കുക. ഭൂമിയുടെ ഉപരിതലത്തിൽ അനുഭവപ്പെടുന്ന ഗുരുത്വാകർഷണ ശക്തിയുടെ 17 ശതമാനം മാത്രമേ ചന്ദ്രോപരിതലത്തിൽ അനുഭവപ്പെടൂ. ഭൂമിയിൻ 100 കിലോഗ്രാം ഭാരമുള്ള ഒരാൾ ചന്ദ്രനിൽ ചെന്നാൽ 17 കിലോഗ്രാം
ഭാരമേയുണ്ടാകൂ ണചന്ദ്രനുള്ള ദിവസങ്ങളിൽ ങ്ങളിൽ ചന്ദ്രനെ നിരീക്ഷിച്ചാൽ ചന്ദ്രബിംബത്തിൽ ചില കറുത്ത പാടുകൾ കാണാം. വലിയ ഗർത്തങ്ങളാണിവ. മരിയ എന്നാണിവയ്ക്ക് പേര്. പണ്ടുകാലത്ത വലിയ ഉൽക്കകൾ വന്നിടിച്ച് രൂപപ്പെ ട്ടവയാണിത്. ഇതോടനുബന്ധിച്ച് നടന്ന അഗ്നിപർവത പ്രവർത്തനങ്ങ. ളും ഇത്തരം മേഖലകളുടെകാരണമാ യിട്ടുണ്ട്. ദീർഘവൃത്താകൃതിയിലാണ് ചന്ദ്രൻ ഭൂമിയെ ചുറ്റുന്നത്. ഇതിനാൽ ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള ദൂരം എല്ലായ്പ്പോഴും ഒരുപോലെയാ വില്ല. ഭ്രമണപഥത്തിൽ ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്ത് 3,62,600 കിലോമീറ്ററും ഏറ്റവും അകലെയായിരിക്കുമ്പോൾ 4,05,400 കിലോമീറ്ററും ആണ് അകലം ഇത് ഭൗമ വ്യാസ ത്തിൻ്റെ 30 ഇരട്ടി വരും. ചന്ദ്രനിൽ പോയി മടങ്ങിയെത്തിയ ബഹിരാകാശ സഞ്ചാരികൾ കൊണ്ടുവന്ന ശിലകളും മറ്റും അത്യാധുനിക രീതികൾ ഉപയോഗിച്ച് പരിയോധിച്ചാണ് ഗവേഷകർ ചന്ദ്രൻ്റെ പ്രായം നിർണയിച്ചത്.

ഇനി ചന്ദ്രനെക്കുറിച്ച് രസികൻ കാര്യങ്ങളറിയാം, ലൂണ്, സെലീൻ, സിന്തിയ എന്നിങ്ങനെ ചന്ദ്രന് വേറെയും പേരുകളുണ്ട്. ഭൂമിയിലെ രണ്ടാഴ്ചയാണ് ഒരു ചാന്ദ്രദിവസം. സൗരയൂഥത്തിലെ ചെറിയ ഏറ്റവും ഗ്രഹമായ ബുധനല്ല തൊട്ടടുത്ത ഗ്രഹം ശുക്രനും ചന്ദ്രന്മാരില്ല. 17-ാം നൂറ്റാണ്ടിൽ ശുക്രന് ഒരു ചന്ദ്രൻ ഉണ്ടെന്ന് വിശ്വസിച്ചിരുന്നു. തുടർന്നുള്ള കാലങ്ങളിൽ നടത്തിയ| വിശദമായ നിരീക്ഷണ ങ്ങളിൽ ഇത് ശരിയല്ലെന്ന് വ്യക്തമായി അറിയപ്പെട്ടിടത്തോളം സൗരയൂഥത്തിൽ 219 സ്വാഭാവിക് ഉപഗ്രഹങ്ങൾ ഉണ്ട്. ഇതിൽ19 എണ്ണം ഗുരുത്വാകർഷണം കാരണം ഗോള രൂപത്തിലാണ്. ഐസ് കൊണ്ട് രൂപപ്പെട്ട പുറം പാളിയാണ് ഭൂരിഭാഗം സ്വാഭാവിക ഉപഗ്രഹങ്ങൾക്കും. ഭൂമിയുടെ ചന്ദ്രനും വ്യാജത്തിന്റെ സ്വാഭാവിക ഉപഗ്രഹമായ ഐയ്

മാത്രമാണ് ശിലകൊണ്ട് പുറം പാളി ഉള്ളത്. ചന്ദ്രനെപോലെ മറ്റൊരു ഗ്രഹത്തിന്റെ സ്വാഭാവിക ഉപഗ്രഹത്തെ. ആദ്യമായി കണ്ടെത്തിയത് പ്രമുഖ ഇറ്റാലിയൻ ശാസ്ത്രജ്ഞൻ ഗലീലിയോ ഗലീലിയാണ്. 1610-ൽ അദ്ദേഹം വ്യാഴത്തെ വലം വെയ്ക്കുന്ന നാല് ഉപഗ്രഹങ്ങൾ കണ്ടെത്തിയിരുന്നു.





ചന്ദ്രനെക്കുറിച്ച് രേഖപ്പെടുത്തിയ ഒരു വെക്ക- ലഫലർ മാണ് നെബ സ്കൈ ഡിസ്ക്. ബിസി 1800-1600 ൽ നിർമിച്ചതെന്നു കരുതപ്പെടുന്ന ഈ ഫലകം ജർമനിയിലെ എന്ന സ്ഥലത്തു നിന്നാണ് കണ്ടെടുത്തത്. ചന്ദ്രനെയും നക്ഷത്രങ്ങളെയും സൂചിപ്പിക്കുന്ന ഏറ്റവും പഴക്കമേറിയ രേഖകളിൽ ഒന്നാണിത്. ചന്ദ്രനിൽ ഇതുവരെ എത്തിയ പര്യവേക്ഷണ വാഹനങ്ങളുടെ എണ്ണം 150-ലധികം വരും. ചന്ദ്രനിലെ പകൽ സമയത്ത് 127 ഡിഗ്രി വരെ ചൂടുണ്ടാകും . രാത്രിയിലാകട്ടെ താപനില 153 ഡിഗ്രിവരെ താഴും. ഭൂമിക്കുള്ളതു പോലെയുള്ള അന്തരീക്ഷം ചന്ദ്രനില്ലാത്തതിലനാലാണ് ഒരുകാലത്ത് ചന്ദ്രൻ ഭൂമിയോട് ഏറെ അടുത്തായിരുന്നു. പതുക്കെപ്പതുക്കെ. അകന്നാണ് ഇന്നു കാണുന്നത്ര അകലത്തെത്തിയത്. ഒരു വർഷം ഭൂമിയിൽ നിന്ന് അകലുന്നുണ്ടെന്നാണ് ഗവേഷകരുടെ നിഗമനം. ചൈനയിൽ ചന്ദ്രന്റെ പേരിൽ നടക്കുന്ന ആഘോഷമാണ് മിഡ് ഓട്ടം ഫെസ്റ്റ് ആയിരത്തിലേറെ വർഷം പഴക്കമുണ്ട് ഈ ആഘോഷ ത്തിന്

**LEKSHMI**
**Std. X**

കുറിപ്പ്

# പറുദീസയിലെ പക്ഷികൾ

ADARSH
Std. IX

പാപ്പുവ ന്യൂഗിനി എന്ന കൊച്ചുരാജ്യത്തുമാത്രം 28-ഇനം പക്ഷികളുണ്ട്. ഭംഗിയുള്ള തൂവലുകളും ബ്രീഡിങ് പ്ലൂമേജും കാട്ടി ആൺപക്ഷി നൃത്തം ചെയ്യുന്നത് ആരുടെയും മനം കുളിർക്കും. ഇവയുടെ പ്രണയസല്ലാപം കൗതുകകരമാണ്. ഈയടുത്തകാലത്തായി ഫോട്ടോഗ്രാഫർമാർ ഇവയുടെ ഡാൻസും പ്രകടനങ്ങളും വീഡിയോ വഴി പ്രചരിപ്പിച്ചതോടെ നിരവധി സഞ്ചാരികളാണ് ഇവയെ കാണാനായി എത്തുന്നത്.

ടൂറിസം വരുമാനമായതോടെ പക്ഷികളെ സംരിക്ഷിക്കാൻ സർക്കാരും ആദിവാസികളും മുന്നിട്ടിറങ്ങിയിരിക്കുകയാണ്.



യാത്രാനുഭവം

# ഒരു തെന്മല യാത്ര

വിസ്മയ
Std. X

വെള്ളച്ചാട്ടം കാണാൻ തെന്മലയിലേക്കൊരുയാത്ര. അമ്മ ഈ കാര്യം പറഞ്ഞ പ്പോൾ മുതൽ വളരെയ ധികം ആകാംശയോടെ കാത്തിരുന്ന ആ ദിവസത്തിനായി. കൂടെ കുറേ സംശയങ്ങളും. രാവിലെ പത്തുമണിക്കായിരുന്ന ട്യൂഷൻ കഴിഞ്ഞ് കുറേ സമയം കഴിഞ്ഞായിരുന്ന ബസ്സ് വന്നത്. ഒരു ട്യൂറിസ്റ്റ് ബസ്സിലായിരുന്ന യാത്ര. കുടുംബശ്രീക്കാരുടെ വയാണ് യാത്ര. ശരിക്കും ഞാൻ ഈ യാത്ര ആസ്വദിച്ചു: ബസ്സിൽ പാട്ടും ഡാൻസും ആയി ഭയങ്കര ബഹളമായിരുന്ന ബസ്സിൽ . അങ്ങോട്ടു പോയപ്പോൾ ഞാൻ പുറത്തെ കാഴ്ച്ചകൾ കണ്ട് ആസ്വദിച്ച് പോയി. തെന്മല ഭാഗം എത്തിയപ്പോൾ അതി മനോഹരമായിരുന്നു. മലമ്പ്രദേശം ആയിരുന്ന അവിടം. മല മുകളിൽ പൈനാപ്പിൾ കൃഷി ചെയ്തിട്ടുണ്ട്. മലയുടെ ആ ഏറ്റവും മുകളിൽ മഞ്ഞ് മൂടിയിട്ടുണ്ടായിരുന്നു. നല്ല രസമായിരുന്ന കാണാൻ പിന്നീട് ഞങ്ങൾ പാലരുവിയുടെ അടുത്ത് എത്തി. അവിടെ കാടിനടുത്തായിരുന്ന ആ വെള്ളച്ചാട്ടം അതു കൊണ്ടു തന്നെ വനം വകുപ്പിൻ്റെ വണ്ടിയിലായിരുന്ന ഞങ്ങൾ അങ്ങോട്ടു പോയത്. അവിടെ ദൂരെ നിന്ന് കണ്ടപ്പോൾ തന്നെ പാല് ഒഴുകി വരുന്നത് പോലെ തോന്നി. പച്ചപ്പിൻ്റെ ഇടയിൽ കൂടി പാലൊഴുകി വരുന്നത് പോലെ. നല്ല ഭംഗിയായിരുന്ന ആ കാഴ്ച. അവിടെ വെള്ളത്തിന് നല്ലതണുപ്പായിരുന്നു.

അവിടെ വെള്ളച്ചാട്ടത്തിൻ്റെയടുത്തായി അവിടെ നിൽക്കാൻ ഒരു ഷെഡ് കണക്ക് നിർമ്മിച്ചിട്ടുണ്ടായിരുന്നു. കുറച്ച് മുകളിലായിരുന്ന അത്. സ്റ്റെപ്പ് വഴി നമുക്ക് അവിടേക്ക് കയറാൻ കഴിയും. അവിടെ നിന്നും വെള്ളച്ചാട്ടം നന്നായി




അടുത്ത് കാണാൻ കഴിഞ്ഞു. വെള്ളച്ചാട്ടത്തിൻ്റെ അടു.. ത്തുള്ള കല്ലിൽ ശിവലിംഗവും മറ്റും കൊത്തി വച്ചിരി ക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ഞങ്ങൾ മുകൾ ഭാഗത്തായത്കൊണ്ടായിരിക്കും മിന്നലടിക്കുന്നത് വളരെ അടു ത്തായി തോന്നിയത്. ആ സമയം നല്ല മഴയുമുണ്ടായിരുന്നു. മഴ അൽ പം ശമിച്ചപ്പോൾ ഞങ്ങൾ ബസ് തിരികെ പോകാനുള്ള ബസ് ഇട്ടിരിക്കുന്നിടത്ത് ചെന്നു. എന്നാൽ അവിടെ മഴപെയ്തെന്നതിന് യാതൊരു തെളിവും ഉണ്ടായിരുന്നില്ല. എന്നാലും ഈ യാത്ര ഞാൻ പോയതിൽ വച്ച് ഏറ്റവും നല്ല യാത്ര ആയിരുന്നു.

നാടൻപാട്ട്

# പിയ്യാം പിയ്യാം

അമൽ രാജ്.എസ്സ്
Std. IX

പണ്ടൊരു മുത്തശ്ശി കുമ്പളം കുത്തീട്ടു

കായിച്ചതും പൂത്തതും പൂവെണ്ടയ്ക്ക

പൂവെണ്ടയ്ക്കായറുത്തു കുട്ടയിലിട്ടപ്പോൾ

കുട്ട നിറയോളം കൊത്തച്ചക്ക!

കൊത്തച്ചക്കകൊണ്ടൊരുപ്പേരി വച്ചപ്പോ

കൂട്ടാൻ നേരത്തു ചാമകഞ്ഞി!

ചാമകഞ്ഞ കുടിച്ചാമോദം പൂണ്ടപ്പൊ-

ച്ചങ്കിൽ തടഞ്ഞരു കോഴിക്കുഞ്ഞൻ

കോഴിക്കുഞ്ഞൻ ചെറുപത്തി പിയ്യാം പിയ്യാം

ഞാനും ച്ചെുപ്പത്തി കിള്ളാ കിള്ളാ

കുറിപ്പ്

# ഉള്ളിലൊതുക്കല്ലേ പ്രണയത്തിന്റ മധുരം

എല്ലാവരും ഒരേ പോലെയല്ല
സ്നേഹം പ്രകടിപ്പിക്കുക.
ഒരേ രീതിയിലെ സ്നേഹ
പ്രകടടനമല്ല.
എല്ലാവരും ഇഷ്ടപ്പെടുന്നതും
സ്നേഹം പ്രകടിപ്പിക്കുന്നതിനും
സ്വീകരിക്കുന്നതിനും അഞ്ചുതരം
ഭാഷയാണുള്ളത്.
ഏതു പ്രായത്തിലും പ്രണയത്തിനും
ഊഷ്മളത നിലനിർത്താൻ
അവരുടെ ഭാഷ ഏതെന്ന്
അറിയാൻ ശ്രമിച്ചോളൂ.

**ABHINAV**
**Std. IX**

ലേഖനം

# കുടുംബം - അന്നും ഇന്നും

അമർനാഥ്
Std. X

കുടുംബം എന്നത് ഈ ആധുനിക ലോകത്ത് എല്ലാവരും തീർച്ചയായും ചിന്തിക്കേണ്ട ഒരു വിഷയം തന്നെയാണ്. കുടുംബം എന്ന വാക്കിന് സ്നേഹം എന്നൊരു പര്യായ പദമോ അല്ലെ- ങ്കിൽ കുടുംബം സ്മം സ്ണഹം എന്നൊരു സമവാക്യമോ ഉണ്ടായിരുന്ന ഒരു കാലമാണ് " അന്ന് എന്ന വാക്കുകൊണ്ട് നാം സൂചിപ്പിക്കുന്നത്

കൂട്ടു കുടുംബ വ്യവസ്ഥിതിയിൽ താമസിച്ചിരുന്ന പരസ്പ്പരം സ്നേഹത്തോടെ കഴിഞ്ഞിരുന്ന ഒരു ജനത പങ്കുവയ്ക്കാനും പകുത്തു നൽകാനുമുള്ള മനസ്സു- ണ്ടായിരുന്ന ഒരു കൂട്ടം ആൾക്കാർ അതായിരുന്നു അന്നത്തെ കൂട്ടു കുടുംബങ്ങളുടെ ശക്തിമായും ബ- ലവും "ഒരു സമൂഹം നന്നാകണ മെങ്കിൽ ആദ്യം അവിടുത്തെ കുടുംബങ്ങൾ നന്നാകണം കുടും എങ്കിൽ ജനങ്ങൾ നന്നാകണം" എന്ന് ആരോ പറഞ്ഞത് ഒരുപക്ഷേ അന്നത്തേയും ഇന്നത്തേയും കുടുംബ വ്യവസ്ഥിതി അന്നേ മനസ്സിലാക്കി കൊണ്ട് തന്നെ ആയിരിക്കാം

ഒരേ കൂരയ്ക്കു കീഴിൽ ഒരു കുടുംബത്തിലുള്ള എല്ലാവരും അവർക്കിടയിൽ തിർച്ചയായും അസ്വാരസ്യങ്ങൾ ഉണ്ടായി രുന്നിരിക്കാം, പക്ഷേ അവയെ എല്ലാം അനുനയിപ്പിച്ച് പരസ്പര സ്നേഹത്തോടും സന്തോഷത്തോടും കൂടി ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ അവർക്ക് കഴിഞ്ഞിരുന്നു എന്നത് തന്നെയാണ് അവ്യവസ്ഥിതിയുടെ വിജയം എന്നാൽ ഇന്നോ? എന്താണ് ഇന്നത്തെ കുടുംബ വ്യവസ്ഥിതിയ്ക്ക് നൽകേണ്ട സമവാക്യം? കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്ക് നടന്നു കയറിയ മനുഷ്യൻ സ്നേഹബന്ധങ്ങൾക്കും പ കുവയ്ക്കലുകൾക്കും യാതൊരു സ്ഥാനവും ഇല്ലാത്ത, സ്വാർത്ഥത മാത്രം കൊണ്ടു നടക്കുന്ന ഒരു ജനത. സ്വകാര്യതയ്ക്കായി സ്വന്തം മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്ക് അയക്കുന്ന മക്കളുടെ കാലമാണിത്.



" ഒരു കുടുംബ സ്നേഹിക്കു മാത്രമേ ഒരു സമൂഹത്തെ സ്നേഹിക്കാൻ കഴിയൂ, ഒരു സമൂഹ സ്നേഹിക്കു മാത്രമേ ഒരു രാ ജ്യത്തെ സ്നേഹിക്കാൻ കഴിയൂ എന്ന ആപ്തവാക്യം മനസ്സിൽ വച്ച് ഞാൻ പറയട്ടെ പരസ്പ്പര സ്നേഹത്തിൻ്റെയും സ്ഥത്വത്തിൻ്റെയും, സാഹോദര്യത്തിൻൻ്റെയും കൂട്ടായ്മയെന്ന ചെടിയിൽ പുഷ്പിക്കുന്ന ഒരു പനിനീർ പൂവാണ് കുടുംബം. അതുതന്നെയാണ് "കുടുംബം എന്ന വാക്കിന് നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും നല്ല സമവാക്യവും ഇതുതന്നെ.

# കീറിപ്പൊളിഞ്ഞ ചകലാസ്

**ചെറുകഥയ്ക്ക് ഒരാസ്വാദനം**



വാർദ്ധക്യം സമ്മാനിച്ച ഓർമ്മക്കുറവ് മൂലം മകനെ മറന്ന അമ്മയും സ്നേഹമില്ലായ്മകാരണം അമ്മയെ മറന്ന മകൻ്റെയും കഥയാണ് മാധവിക്കുട്ടിയുടെ കീറിപ്പൊളിഞ്ഞ ചകലാസ് എന്ന കഥ.
മകനെ ഏറെ സ്നേഹിക്കും അമ്മയെന്ന കഥാപാത്രം തന്നെയാണ് ഈ കഥയിൽ ഏറെ ഹൃദയസ്പർ ശിയായത്. വാർധക്യസഹജമായ ഓർമ്മക്കുറവ് മൂലം തൻ്റെ മുന്നിൽ വന്ന നിൽക്കുന്ന, ഏറെ നാളായി കാണാൻ കൊതിക്കുന്ന തൻ്റെ മകനെ തിരിച്ചറിയുന്നില്ല. ജോലിത്തിരക്കെന്നും മറ്റുമുള്ള മുടന്തുന്യായങ്ങൾ പറഞ്ഞ് ബോധ പൂർവ്വം അമ്മയെ സംരക്ഷിക്കാനുള്ള തൻ്റെ ഉത്തര വാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ് ഗോപി. കുടും ബവുമൊത്ത് ഡൽഹിയിൽ താമസിക്കുന്ന അയാൾക്ക് ഉയർന്ന നിലയിലുള്ള ജോലിയും, ശമ്പളവും ജീവിതസൗകര്യങ്ങളും എല്ലാം ഉണ്ട്. എങ്കിലും അയാളുടെ ഓർമ്മകളിൽ പോലും അമ്മ ഇല്ല എന്നു

നമുക്ക് തോന്നിപ്പോകും . അഞ്ചരക്കൊല്ലത്തിന് ശേഷം അയാൾ വീട്ടിലെത്തുന്നത് അമ്മയെയും കമലയും കാണാൻ ആയിരുന്നില്ല. തൻ്റെ പേരിലുള്ള ഭൂമി വിറ്റ് കാശാക്കുന്നതിന് വേണ്ടിആയിരുന്നു. ഗോപിയുടെ സഹോദരിയാണ് കമലം. വിധവയും നിരാലംബയുമായ അവർ സ്നേഹത്തോടെ നിറഞ്ഞ മസ്സോടെയും പരിപാലിക്കുന്നു. മുൻപ് ഗോപി മദിരാശിയിൽ നിന്ന് അമ്മയ്ക്ക് കൊണ്ടുവന്ന് കൊടു ത്ത ചകലാസ് കീറി പ്പൊളിഞ്ഞിരിക്കു ന്നു. ചകലാസ് ശരീരസുരക്ഷിതത്വത്തി നാണല്ലോ. അമ്മയും മകനും തമ്മിലും ള്ള ശിഥില ബന്ധത്തിൻ്റെ പ്രതീകം തന്നെയാണ് കീറിപ്പൊളിഞ്ഞ ചകലാസ്.

മഞ്ഞുകാലത്ത് പുതയ്ക്കാ ൻ മകൻ പുതിയ ചുവന്ന ചകലാസ് കൊടുത്തയക്കണമെന്ന് അവർ ആഗ്ര- ഹിക്കുന്നു. വൃദ്ധദശയിൽ തന്നെ മകൻ സ്നേഹസാന്നിധ്യങ്ങൾ കൊണ്ട് സംരക്ഷിക്കുമെന്ന് പ്രതീക്ഷയാണ്, സംരക്ഷിക്കണമെന്ന ആഗ്രഹം തന്നെയാണ് പുതിയ, ചുവന്ന ചകലാസ് അമ്മയും മകനും തമ്മിലുള്ള രക്തബന്ധത്തിൻ്റെ ചുവപ്പാണ് ചകലാസിനു മുണ്ടാകേണ്ടത്. എന്നാൽ സ്നേഹ സംരക്ഷണങ്ങൾ നൽകിയിരുന്ന അമ്മ അയാൾക്കിന്ന് ഒരു കീറിയ ചകലാസാണ്. എങ്കിലും അമ്മയ്ക്ക് തന്റെ മകനെ ഓർത്തു ഇപ്പോഴും അഭിമാനമാണ് അവൻ്റെ ജോലി, ശമ്പളം,, തുടങ്ങിയവയെക്കുറിച്ച് ആഅമ്മ അഭിമാനത്തോടെ വന്നിട്ടുള്ള ആള് ആരെന്ന് തിരിച്ചറിയാതെ മകനോട് തന്നെ പറയുന്നു. അന്യനായ മകനോട് തനിക്ക് ചുവന്ന ചകലാസ് വാങ്ങിക്കൊടുത്തയയ്ക്കാൻ പറയാൻ സ്വന്തം മകനോട് ഏൽ- ഷിക്കുന്ന അമ്മ പുതിയ കാലത്തിൻ്റെ നിരാലംബ മാതൃത്വത്തിൻ്റെ പ്രതീകം: കൂടിയാണ്. 'നനക്ക് അമ്മയെ ഓർമ്മ- യുണ്ടോ ഗോപി'' എന്ന സഹോദരിയുടെ മുഴങ്ങിക്കേൾക്കുന്ന, സാമൂഹ്യധ്വനിയുള്ള ചോദ്യത്തിൽ കഥ അവസാനിക്കുന്നു. മാധവിക്കുട്ടിയുടെ തന്നെ അമ്മ, കോലാട് തുടങ്ങിയ കൃതികൾ സമാനമായ ആശയം മുന്നോട്ടുവയ്ക്കുന്നു.

വളർത്തി വലുതാക്കിയ സ്വന്തം മാതാപിതാക്കളെ തിരിഞ്ഞു നോക്കാതെ വൃദ്ധസദനങ്ങളിൽ കൊണ്ടാക്കുന്ന ഒരുപാട് സംഭവങ്ങൾ നിത്യേന കേൾക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം താമസിക്കുന്നത്. വൃദ്ധമാതാപിതാക്കൾ ഒരു ബാധ്യതയാവുന്ന അത്തരക്കാർ ഏറിവരുന്ന

കാലത്തു ഈ കഥയ്ക്കും പ്രസക്തി ഏറുന്നു. ' മാമ്പു കണ്ടും മക്കളെക്കണ്ടും കൊതിക്കരുത് എന്ന് ചൊല്ലിനു സമാന മായി മക്കളെ ഏറെ സ്നേഹിക്കുന്ന, അവരിൽ ഒരുപാട് പ്രതീക്ഷകൾ അർപ്പിക്കുന്ന മതാപിതാക്കൾക്കുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ കഥ.

**NANDANA HARI (Std. IX)**

കവിത

# ഗാസയുടെ വിലാപം

അങ്ങകലെകേൾക്കുന്നരോദനം
ഇത് ഗാസയുടെ വിലാപം
ജിവതാളം നിലയ്ക്കുന്ന തേങ്ങൽ
ഭൂദേവതതൻവിങ്ങൽ
ആകാശചുംബിത ഹർമ്മ്യത്തിൽ
ഭൂമിത ചിത്തർ ആർത്ത് രസിക്കുന്നു
ധർമ്മവും നീതിയും പടിയിറങ്ങുന്ന
കരാളതയുടെ വിജയഭേരി
അമ്മതൻമടിയിലമ്മിഞ്ഞ നുകരും
അമ്മിണിക്കുഞ്ഞിന്റെശിരസ്സുഭേദിച്ച്
വെടിയുണ്ടകുത്തിപ്പുളയ്ക്കുന്നു
അമ്മിഞ്ഞപ്പാലധരത്തിൽ കിനിയുന്നു

പകുതി ജീവൻ നിലച്ച ദേഹം
പിഞ്ചുപൈതങ്ങൾ തൻ ശാപം
അഗ്നിനാളങ്ങളംബര വീഥിയിൽ
ചുറ്റിത്തിരിയുന്നു ഭിക്ഷാംദേഹിയായി
അറ്റബന്ധങ്ങളെതേടിഉറ്റവർ വിങ്ങിവിതുമ്പുന്നു
ഭികരമവും ഭീകരതയെതച്ചുടയ്ക്കൻ ഇനി യെത്രനാൾ
ഇനി യെത്രനാൾ

അമൽരാജ്.എസ്സ് (Std. IX)

# GOING BEYOND ABILITY

Paul has been member of high-school key club, a service oranization for three years. He decided to ask his friend scott , the current president, to nominate him to be next year's president. 'I think I deserve it' paul thought.

'I never miss a meeting and I'm willing to do anything they ask me. I've helped at every car wash, distributed turkeys at thanksgiving' and even volunteered at the senior citizen center every tuesday this past year. And I know I'd be better then anybody else at keeping track of the money we raise for charity'

Paul certainly has contributed much to the key club. He has conscientious and capable worker. But scott was hesitant to promise to nominate paul. Scott decided to speak to the club adviser adout his worries.

**Abi.r**
**Std. 9A**

കവിത

# തകരുന്ന പെൺകുലം

പിച്ചി ചീന്തു മാളോരെ ജീവനും
പെൺകുലം തന്നെയോ ശപിക്കപ്പെട്ടോരി

സ്വപ്നങ്ങൾ തേടി പറന്നുയരും
ചിറകുകളെ വെട്ടി വീഴ് ത്തുന്ന നിശാചരൻമാർ

നിറം മങ്ങി ചോര പടർന്നൊരാ

പെൺകുലം തന്നെയോ ശപിക്കപ്പെട്ടോരി

പത്തും പദവിയും മുള്ളവനീ ക്രൂരതയിൽ
വിങ്ങി മരിക്കും ഓരോ പെൺതരി

ഒടുവിൽ എല്ലാം തീരവേ
പുകച്ചൽ മാത്രം ബാക്കിയോ?

**SOORYA**
**Std. 9A**

# ഗിന്നസ് ബുക്കിലെ
# റപൺസെൽ

മുത്തശ്ശിക്കഥയിലെ നീളൻ മുടിക്കാരി റപൺസെലിനെ പരിചയമില്ലല്ലോ. ഗിന്നസ് ബുക്കിലുണ്ട് ഒരു റപൺസെൽ. ലോകത്തിലെ ഏറ്റവും നീളമുള്ള മുടിച്ചുരുളുകളുടെ ഉടമ എന്ന റെക്കോർഡ് റക്കോർഡ് നേടിയ ആഷ മണ്ടേല. 2009- ൽ ഈ റെക്കോർഡ് നേടുമ്പോൾ 5.96 മീറ്റർ ആയി രുന്നു ഈ അമേരിക്കക്കാരിയുടെ മുടിയുടെ നീളം. ഇപ്പോൾ അത് ഏകദേശം 33.5മീറ്റർ. കുത്തബ് മിനാറിൻ്റെ പകുതി നീളം. ഏകദേശം 19 കിലോ വരും ഈ കേശഭാരത്തിൻ്റെ ആകെ ഭാരം. പുറത്ത് പോകുമ്പോൾ മുടി മുഴുവൻ ചുരുട്ടി ഒരു ബാഗിലാക്കി പുറത്ത് തൂക്കിയിടുന്നതാണ് പതിവ്.

**KAVERI**
**Std. X**

ലേഖനം

# സമുദ്രമലിനീകരണം

മനുഷ്യന് കടലോളം ഉപകാരം ചെയ്യുന്ന വിശാലഹൃദയരാണ് സമുദ്രങ്ങൾ. വേണ്ടുവോളം പ്രാണവായുവും ആഹാരവും വെള്ളവും നൽകി അവ നമ്മെ സേവിക്കുന്നു. വികസനത്തിൻ്റെ ഉപോല്പന്നമായി ഇന്ന് മാലിന്യ ങ്ങൾ മാറിക്കഴിഞ്ഞു. മനുഷ്യ നുള്ളിടത്തൊക്കെ മാലിന്യങ്ങ ളുമുണ്ട്.

കരയിൽ കുമിഞ്ഞുകൂടുന്ന മാലി ന്യങ്ങൾ ഒഴിവാക്കാൻ നൂറ്റാണ്ടുകൾ ക്കുമുമ്പേ മനുഷ്യൻ കണ്ടെത്തിയ എളുപ്പവഴിയാണ് സമുദ്രങ്ങൾ. "കടലിങ്ങനെ നെഞ്ചും വിരിച്ച് കിടപ്പല്ലേ. ഇച്ചിരി വേസ്റ്റ് തട്ടിയാൽ കടലിനെന്തു പറ്റാനാ? ഇതാണ് ലോകമെങ്ങുമുള്ള മനുഷ്യ ന്റെ ചിന്ത. ഭൂമിയിലെ ജീവികളിൽ മഹാഭൂരിപക്ഷവും സമുദ്രവാസികളാ ണെന്നും അവരുടെ ഔദാര്യത്തിൽ കഴിഞ്ഞു കൂടുന്ന വെറും ന്യൂന പക്ഷക്കാരാണ് മനുഷ്യരെന്നും നാം സൗകര്യപൂർവ്വം മറക്കുന്നു.



ഇത്തരത്തിലുള്ള സ്വാർഥ ചിന്ത കളുടെയെല്ലാം അനന്തര ഫലമാണ് സമുദ്ര മലിനീകരണം. ഇന്ത്യയിൽ ആകെ തീരപ്രദേശത്തിന്റെ്റെ പത്തു ശതമാനവും കേരളത്തി ലാണ്. 590 കിലോമീറ്ററിൽ അധിക വരും ഇവിടത്തെ ആകെ കടൽതീരം. ദൈവത്തിൻ്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരള ത്തിൽ പോലും ബീച്ചുകൾ മാലിന്യക്കമ്പാര ങ്ങളായി മാറുകയാണ്. ജനസംഖ്യാ വളർച്ച, നഗരവൽക്കരണം, എന്നിവ യെല്ലാം ഇതിൻ്റെ പ്രധാന കാരണങ്ങളാണ്. 1057 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മുടെ കടൽത്തീ രങ്ങളിൽ ഉണ്ടെന്നാണ് കണക്ക് . അതായത് ഏകദേശം പത്തുലക്ഷം കിലോ പ്ലാസ്റ്റിക് വേസ്റ്റ്.

ഈ പ്ലാസ്റ്റിക് മാലിന്യങ്ങളിൽ 53 ശതമാനവും ഒറ്റ ത്തവണ ഉപയോഗിക്കുന്ന വെള്ളക്കുപ്പി പോലുള്ള യൂസ് ആൻറ് ത്രോ പ്ലാസ്റ്റാണ്. ഇവ കൂടാതെ മത്സ്യ ബന്ധന ഉപകരണങ്ങളും നിർ-മാണ് പ്രവർത്തനങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും കണ്ടെത്തിയിട്ടും പിടിത്തം കൂടുതലുള്ള കടൽ ത്തീര- ങ്ങളിൽ കാണുന്ന മാലിന്യത്തിൻ്റെ ഭൂരിഭാഗവും മത്സ്യബന്ധന വ്യവസായത്തി ൽ നിന്ന് വരുന്നതാണ്. കേരളത്തിലെ കടൽത്തിരങ്ങളെ മലിനമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ടൂറിസ- മാണ്. കുപ്പിവെള്ളവും ലഘുഭക്ഷണ ങ്ങളുമാണ് ബീച്ചുകളിലെ പ്ലാസ്റ്റിക് മാലിന്യത്തിൻ്റെ പ്രധാന ഉറവിടം. ആവശ്യത്തിന് 'വേസ്റ്റ് ബിന്നുകൾ' ഇല്ലാത്ത്തും സന്ദർശകരും കച്ചവടക്കാരും ഒരു പോലെ മാലിന്യം അലക്ഷ്യമായി ഉപേക്ഷിക്കുന്ന തുമാണ് ഇതിന് പ്രധാന കാരണം. ഈ പ്ലാസ്റ്റിക്കിൽ അധികവും നിരകൾക്കൊപ്പം കടലിൽ എത്തും. അവ അതേ പടിയോ കാലങ്ങൾ കൊണ്ട് വിഘടിച്ച് ചെറിയ കണങ്ങളായോ ജീവജാലങ്ങളുടെ ഉള്ളിൽ കയറി പ്പറ്റും!

നമ്മൾ സ്വപ്നത്തിൽ പോലും പ്രതീക്ഷിക്കാത്ത നിരിച്ചടികളാണ് സമുദ്രമലിനീകരണം നമുക്കായി കരുതി വച്ചിരിക്കുന്നത്. മലിന ജലത്തിൽ 'ഹാപ്പി'യായി വിഹരിക്കുന്ന രോഗാണുക്കളാണ് ആദ്യത്തെ സമ്മാനം ഹെപ്പ റ്റൈറ്റിസ്, കോളറ, റൈ ഫോയ്ഡ്, ചെവി യിലും മൂക്കിലും തൊണ്ടയിലും അണുബാധ തുടങ്ങിയവയ്ക്ക് കാരണമാകുന്ന രോഗാണുക്കൾ മലിനജലത്തിലെ ചിപ്പി കളുടെയും കക്കകളു ടെയും ഒക്കെ കുടലിൽ തമ്പടിക്കും. അതുകൊണ്ട്. മലിനജലത്തിൽനിന്നുള്ള കക്കയും മറ്റും ങ്ങളുണ്ടാക്കാം.



സമുദ്രത്തിൽ വീഴുന്ന എണ്ണ, കടൽപ്പക്ഷികളുടെയും സസ്തനികളുടെയും ശരീര താപനില മാറ്റിമറിക്കും. മാത്രമല്ല, തൂവലുകളിൽ പറ്റുന്ന എണ്ണ മൂലം 'ബാലൻസ്' നഷ്ടപ്പെട്ട് പക്ഷികൾക്ക് പറക്കാൻ കഴിയാതാകും. അങ്ങനെ അവ വെള്ളത്തിൽ താഴ്ന്ന് പോയെന്നും വരാം. പ്രധാന വില്ല പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ പല സമുദ്ര ജീവികളെയും ക്കൊന്നാടുക്കുകയാണ്.





ഉദാഹരണത്തിന്, പാവം കടലാമകൾ ജെല്ലിഫിഷാണെന്ന് തെറ്റിദ്ധരിച്ച് പലപ്പോഴും പ്ലാസ്റ്റിക് ബാഗുകൾ വിഴുങ്ങും. കുടിവെള്ളം തൊട്ട് ഉപ്പിൽ വരെ മൈക്രോപ്ലാസ്റ്റിക്കിൻ്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഇവ അർബുദത്തിനു കാരണ മാകുന്നു. കൂടാതെ ശരീരത്തിൻ്റെ വളർച്ച, മാനസികാവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട അന്തഃസ്രാവീ വ്യൂഹത്തെ യും ബാധിക്കുന്നു. ഒപ്പം, മനുഷ്യരി ലെയും മറ്റ് ജീവികളിലെയും നാഡീവ്യവസ്ഥയെയും രോഗപ്രതി രോധ സംവിധാനത്തെയും താറുമാറാ ക്കുകയും ചെയ്യും. ബീച്ചുകളിൽ കുമിഞ്ഞു കൂടിയ മാലിന്യങ്ങൾ വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ സൗന്ദര്യം അപ്പാടെ നശിപ്പിക്കും. ഇത് ടൂറിസ ത്തിൽ നിന്നുള്ള വരുമാനം കുറയ്ക്കും ഒപ്പം, ആ സ്ഥലങ്ങളുടെ ശുചീകര ണവും പരിപാലനവും അധികച്ചെലവാ കുകയും ചെയ്യും. ഇനി ഈ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചാലോ കാർബൻ ഡയോക്സൈഡ് പോലുള്ള വിഷവാത കങ്ങൾ അന്തരീക്ഷത്തി ലേക്കെത്തു ഇത് വായു മലിനമാക്കുന്നതിനൊപ്പം ആഗോള താപനം പോലുള്ള പ്രശനങ്ങൾ രൂക്ഷമാക്കും.

മനുഷ്യനാണ് ഈ കുഴപ്പങ്ങൾക്കെ-ല്ലാം ഉത്തരവാദികൾ. അതുകൊണ്ട് മനുഷ്യൻ വിചാരിച്ചാൽ ഇതിന് പരിഹാര മുണ്ടാക്കാനും കഴിയും. സമുദ്ര മലിനീ കരണം തടയാൻ നമ്മൾ ശീലിക്കേണ്ട ചില കാര്യങ്ങൾ പറയാം. ഏതാണ്ട് 80 ശതമാനം സമുദ്രമലിനീ കരണം കാരണം കരയിൽ നിന്നുള്ള മാലിന്യ മാണ്. മാലിന്യത്തിൻ്റെ അളവ് കുറച്ചും റീസൈക്കിൾ ചെയ്തും കാര്യക്ഷമ മായി നിർമാർജനം ചെയ്തും നമുക്ക് ഇത് കുറയ്ക്കാം. സമുദ്രജീ വികളെയും പരിസ്ഥി തിയെയും രക്ഷിക്കാൻ പ്ലാസ്റ്റിക് നിർമിതവസ്തുക്കളുടെ ഉപയോഗം കുറച്ചേ തീരൂ.

സ്ട്രോ, വെള്ളക്കുപ്പികൾ, പ്ലാസ്റ്റിക് സഞ്ചികൾ തുടങ്ങിയ 'ഡിസ്പോസബിൾ' വസ്തുക്കളോട് 'നോ' പറയുക എന്നതാണ് ഇതിൻ്റെ ആദ്യപടി. 'റീയൂസും റീസൈ ക്ലിങ്ങും ശീലമാക്കുക ഷോപ്പിങ്ങിനു പോകുമ്പോൾ പരി സ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ തിരഞ്ഞെടുക്കാൻ' പ്രത്യേകം ശ്രദ്ധിക്കു കയും ഭക്ഷണത്തിൻ്റെയുംമറ്റും അവശിഷ്ടങ്ങൾ വേസ്റ്റ് കൊട്ടയി ലേക്ക്നിക്ഷേപിക്കു എന്ന് നമ്മൾ ശീലിക്കുകയും വേണം.

ബിച്ചുകൾ വൃത്തിയായാൽ സമുദ്ര മലിനീകരണം ഒരു പരിധിവരെ കുറയ്ക്കാനാകും.

നമ്മുടെ കൃഷിയിട ങ്ങളിൽ രാസകീടനാശിനികൾക്കും വളങ്ങൾക്കും പകരം ജൈവ കൃഷിരീതികൾ ശീലമാക്കണം. മഴവെള്ളം മാത്രമേ ഓടകളിലേക്കു പോകാവൂ. കാരണം മിക്ക ഓടക ളിലേയും ജലം ഒടുവിൽ സമുദ്ര ങ്ങളിലാണ് എത്തുന്നത്. മലിനജലവും പാഴ്വസ്തുക്കളും ഓടയിലേക്കു കടക്കാൻ അനുവദിച്ചാൽ അത് സമുദ്രജീവികളുടെ കാര്യം ദുരിതത്തിലാക്കും. ഭൂരിഭാഗം നദികളും ഒഴുകുന്നത് സമുദ്രങ്ങൾ മലിനമാകാതിരിക്കാൻ നദികളുടെ സംരക്ഷണത്തിലും നാം കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്.



കവിത

# പ്രാവും കുഞ്ഞനുറുമ്പും

പണ്ടൊരു പുഴയരികിൽ പവിഴമല്ലി
തളിരിതളിൽ

ഉരുണ്ടു വീഴാൻ ഒരുങ്ങി നിന്നു. ഒരു
തുള്ളി മഴ വെള്ളം

മഴ വെള്ളം കുടിച്ചാൽ മനസ്സൊന്നു
തണുക്കും.

കൊതിച്ചു കൊതിച്ചു കൊതിച്ചു വന്നൊരു
കുഞ്ഞനുറുമ്പ്

വെള്ളത്തുള്ളിയോടൊപ്പം പുഴയിൽ വീണു
പിടഞ്ഞു പാവം പിടഞ്ഞു.

മരക്കൊമ്പത്തിരുന്ന വെള്ളരിപ്രാവ്
അതുകണ്ട് മനംനുള്ളി

ഒരു ഇല ഒരുകത്തിട്ടു. ഇലയിൽ വലിഞ്ഞു
കയറി ഉറുമ്പ് കരയ്ക്ക് അടുത്തു.

നന്ദി പൂർവ്വം പറവയെ ഒന്നു നോക്കി

SABARI
STD. 9A

# ടീസ്പൂൺ നായ്ക്കുട്ടി

ന്നുണ്ടല്ലോ? അല്ല,
ലോകത്തിലെ ഏറ്റവും ചെറിയ
നായ എന്ന ഗിന്നസ് റെക്കോർഡ്
കൈവശം വച്ചിരുന്ന
'മിറക്കിൾ മില്ലി'യുടെ കാര്യമാണ്.
ചിവാവ എന്നെ കുഞ്ഞൻ നായ.
മില്ലി ജനിച്ചത് 2011-ലാണ്.
2013-ൽ റെക്കോഡ് നേടുമ്പോൾ 9:65
സെന്റ്റി മീറ്ററായിരു ന്നു പൊക്കം .
അതായത് ഒരു സ്മാർട്ട്
ഫോണിൻ്റെ പകുതി നീളം.
2020 വരെയേ മില്ലി ജീവിച്ചിരുന്നുള്ളൂ.
ജനിച്ചപ്പോൾ ഒരു ടീസ്പൂണിൽ
കൊള്ളും വുന്നത്ര വലുപ്പം.
എലിക്കുഞ്ഞിനെക്കു
റിച്ചാണോ പറഞ്ഞു
വരുന്നത് എന്ന് സംശയം
തോന്നുന്നു.

യാത്രാനുഭവം

# ആലപ്പുഴയുടെ ഓളങ്ങൾ

ദേവിക
Std. X



കേരളത്തിൻ്റെ ടൂറിസം ഭൂപടത്തിൽ ഗ്രാമ ഭംഗിയിൽ തിളങ്ങി നിൽക്കുന്ന ആലപ്പുഴയിലേക്കാണ് ഞങ്ങൾ ഇത്തവണത്തെ വേനലവധിയ്ക്ക് യാത്ര പോയത്. കയർ വ്യവസായത്തിന് പേരുകേട്ട ആലപ്പുഴയിൽ ഹൗസ് ബോട്ടിംഗ് ഒരു നല്ല യാത്രാനുഭവമാണെന്ന് വല്യൻ പറഞ്ഞപ്പോൾ അച്ഛൻ ഉടനെ അച്ഛന്റെ സുഹൃത്തിനെ വിളിച്ചുപറഞ്ഞ് ഹൗസ്, ബോട്ടിംഗ് ബുക്ക് ചെയ്യുകയായിരുന്ന് . ഫെബ്രുവരി ആദ്യവാരമായിരുന്നു യാത്ര . ഫെബ്രുവരി ആദ്യ ഞായറാഴ്ച്ച രാവിലെ 6 മണിക്കായിരുന്നു ഞങ്ങൾ യാത്ര പുറപ്പെട്ടും . ഞാനും എൻ്റെ കുടുംബവും അടങ്ങുന്ന 4 പേർ കാറിലാണ് യാത്ര പുറപ്പെട്ടത് ഞാൻ കാറിൻ്റെ സൈഡ്സീറ്റിൽ ആയിരുന്നു ഇരുന്നത്. രാവിലെ 7 മണിയായപ്പോൾ ഞങ്ങൾ പൊകുന്ന വഴിയരികിലെ ഒരു ഹോട്ടലിൽ കയറി ആഹാരം കഴിച്ചു. 9 മണിയായപ്പോഴേക്കും ഞങ്ങൾ തണ്ണീർമുക്കം ബണ്ടിലെത്തിയിരുന്നു. ഞങ്ങളുടെ കാർ അവിടെ പാർക്ക് ചെയ്തശേഷം ഒരു ചെറിയ ബോട്ടിൽ ഞങ്ങൾ അവിടുന്ന് യാത്രയായി. ഹൗസ് ബോട്ട് പാർക്ക് ചെയ്തിരിക്കുന്നത് വേറെ ദ്വീപിൽ ആയിരുന്നതിനാലാണ് ഇങ്ങനെ ചെയ്തത് വെനീസിലെ പോലെ തലങ്ങും വിലങ്ങും

തോടുകളായ തിനാൽ കിഴക്കിൻ്റെ വെനീസ് എന്ന് ആലപ്പുഴ അറിയപ്പെടുന്നത് വെറുതെയല്ല എന്ന് അവിടെയെ ത്തിയപ്പോഴാണ് മനസ്സിലായത് എന്തിനും ഏതിനും വള്ളങ്ങളെയും സർക്കാർ ബോട്ടുകളെയും ആശ്രയിക്കുന്ന ഒരു ജനതയാണ് ആലപ്പുഴയിൽ എന്ന് അവിടുത്തെ കാഴ്ചകളെ കാണുമ്പോൾ മനസ്സിലാക്കാം. കൈനകരി റൗണ്ട് ട്രിപ്പിനായി ഞങ്ങൾ തിരഞ്ഞെടുത്ത ഹൗസ് ബോട്ട്, വീടിന് സമാനമായ സജ്ജീകരണ ങ്ങൾ അടങ്ങിയതായിരുന്നു. ഹൗസ് ബോട്ടിലെ അടുക്കളയും മുറികളും അടിപൊളിയായിരുന്നു.



ആലപ്പുഴയിലും സമീപ പ്രദേശങ്ങളിലുമായിരുന്നു എന്ന് യാത്രയ്ക്കിടയിൽ ബോട്ട് ഡ്രൈവർ ബാബുചേട്ടൻ ഞങ്ങളോട് പറയുകയുണ്ടായി. നെഹ്റു ട്രോഫി വള്ളം കളി നടക്കുന്നത് ഇവിടുത്തെ പുന്നമട കായലിലാണെന്നും പണ്ട് ഞാൻ പഠിച്ചത് ഓർക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ട് കായലി ലൂടെ പുത്തൻ സിനിമാഗാനങ്ങൾ കേട്ടുകൊണ്ട് ഞങ്ങൾ ഹൗസ് ബോട്ടിൽ സഞ്ചരിക്കുമ്പോൾ എന്റെ മനസ്സ് സന്തോഷം കൊണ്ട് തുള്ളിച്ചാടുകയായിരുന്നു യാത്രയ്ക്കിടയിൽ വെള്ളത്തിലെ കുഞ്ഞോളങ്ങളെയും ഞാൻ കണ്ട് രസിച്ചു. ഉച്ചയ്ക്ക് ഒരുമണിയ്ക്ക് മുൻപേ ഹൗസ് ബോട്ടിൽ നിന്നും ഗംഭീരമായ ഊണ് കഴിച്ചു. അതിനുശേഷം ഞങ്ങൾ ഹൗസ് ബോട്ടിലെ മുറികളിൽ അൽപനേരം വിശ്രമിച്ചു.



ഹൗസ് ബോട്ടിലെ യാത്രയ്ക്ക് ശേഷം ഞങ്ങ കാറിൽ കയറി, വീട്ടിലേക്ക് യാത്ര തുടങ്ങി മീൻ പിടിക്കാൻ വല വീശുന്ന കാഴ്ച്ച യത്രയിലുടനീളം കാണാൻ കഴിഞ്ഞിരുന്നു. വഴിയിലെങ്ങും അന്ധകാരം നിറഞ്ഞിരുന്നു. തിരിച്ചുവരുന്ന വഴി ഞങ്ങൾ ചായ കുടിക്കാൻ ഒരു ഹോ- ട്ടലിൽ കയറി. അതിനുശേഷം വീണ്ടും യാത്ര തുടർന്നു. പോകും വഴിയിലെവിടെയോ വെച്ച് ഞാൻ നിദ്രയിലാണ്ടുപോയി. പിന്നെ വീട്ടിലെത്തിയപ്പോഴാണ് ഞാൻ ഉണരുന്നത് രാത്രി 12 മണി കഴിഞ്ഞിരുന്നു ഞങ്ങൾ വീട്ടിലെത്തിയപ്പോൾ. ഈ യാത്ര മനസ്സിൽ കുറിച്ചിട്ട മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്.

# THE MILKMAID'S DREAM

AMAL RAJ
STD. IX

Radha was a milk maid.

Radha was a milkmaid

She was carrying a pot of milk  She had to deliver milk to her customers in a nearby village..

As she was she kept on dreaming .

she said to her self" with the money Iget from selling this milk ,

I will buy some eggs . I will sell the hens and get lot of money  with that money  I will buy nice silk sarees.

I will look so beautiful  when people ask for the secret of my wealth,. .  I will toss my head and say' No".

When she dreamt of saying 'No" she actually tossed her head and down fell the pot of milk and all the milk run out on the ground ...

# Which is Better.......

A dove and a cock were friends. They lived close to each other. They met every day. They shared interesting stories.

One day the cock was in danger. A cruel fox stealthily caught the cock. He put him in a sack. The cock cried loudly but in vain.

The dove heard his friend's cry. He wanted to help the cock. The dove thought,"Where there is a will there is a way".

He flew over the fox's head. He soon reached in front of the fox. He fell down and lay motionless. The fox was greedy too. He thought "a cock in the sack and a dead dove in front of me!" He thought about a goof feast.

He laid the sack down and walked to take the dead dove.

കവിത

# കൺമണി

കണ്ണാടി പുഴയിൽ നീന്താം
കുഞ്ഞോള പാട്ടായ് മാറാം
കുന്നോളം സ്നേഹം
പൊന്നോണം പോലെ
പകരാം ഈ നേരം
കണ്ണുപൊത്തി കുഞ്ഞിക്കിളി
കുറുകലായ് അരികിലുണ്ടോ
മെല്ലെ മെല്ലെ കൊഞ്ചികുഴയാൻ
കൺമണി നീ ചാരെയുണ്ടോ
തുള്ളി തുളുമ്പും മാമഴയിൽ
കുളിരായ് നീ നിറഞ്ഞോ
മിന്നി മിന്നുങ്ങും പൂവഴകേ
വർണ്ണജാലം നീയേകിയോ.........

അഖില
Std. X

# BODY LANGUAGE

**KELLY TAKE THIS FILE TO MR. ECKHART'S OFFICE," REQUESTED HER MANAGER. BE SURE YOU DELIVER IT TO HIM PERSONALLY. HE LIKES TO MEET NEW STAFFERS. WHEN KELLY HAD STARTED WORK THE PREVIOUS WEEK, MR.ECKHART, THE HEAD OF HER DIVISION HAD BEEN AWAY ON A BUSINESS TRIP. NOW KELLY WAITED NERVOUSILY IN HIS RECEPTION AREA. MEETING NEW PROPLE HAD ALWAYS BEEN HARD FOR KELLY ESPECIALLY WHWN THE PERSON WAS SUPERIOR.THANK GOODNESS I'M WEARING THIS BLAZER,KELLY THOUGHT AT LEAST LOOK LIKE I BELONG HERE. BUT I SURE SEAT AND STARTED AT THE FILE SHE WAS HOLDING.**

**WHEN MR.ECKHART CAME TO HIS DOORWAY KELLY PUSHED HERSRLF OUT OF HER LOW CHAIR. AS HE EXTENDED HIS HAND KELLY BEGAN TO GIVE HIM THE FILE UNTIL SHE REALIZED HE WAS OFFERING TO SHAKE HANDS. EMBARRASSED,SHE LOOKED**

**DOWN AT HER SHOES AND PUT HER HAND LIMPLY IN HIS. ITS'S VERY NICE TO MEET YOU, SHE NEARLY WHISPERED. THEN, HANDING HIM THE FILE, SHE CONTINUED TO STARE AT IT AS HE WELCOMED HER TO THE COMPANY. AFTER HE WISHED HER A GOOD DAY , SHE THANKED HIM AND FIED THE RECEPTION AREA. MR.ECKHART JUST SHOOK HIS HEAD AND RETURNED TO HIS OFFICE.**

**KELLY'S BODY LANGUAGE GAVE A VERY NEGATIVE IMPRESSION TO MR.ECKHART. WITH CONSCIOUS EFFORT, YOU CAN LEARN TO INSPIRE CONFIDENCE THROUGH POSITIVE BODY LANGUAGE. STAND AND SIT UP STRAIGHT. ACT AS IF YOU DESERVE TO BE NOTICED. AT THE SAME TIME, BE SURE TO NOTICE OTHERS . DON'T LOOK DOWN OR AWAY FROM SAME ONE LOOK THE OTHER PERSON RIGHT IN THE EYE.**



EYE CONTACT INSPIRES TRUST ;A LACK OF EYE CONTACT MAKES YOU LOOK SUSPICIOUS . JUST SHY, YOU SAY LEADERS ARE NOT SHY,SO PRACTICE IF YOU MUST. IF YOU PRETEND TO BE COMFORTABLE , EVENTUALLY YOU WILL BE. AND WHEN YOU ARE COMFORTABLE ,IT PUTS OTHERS AT EASE.

**MALAVIKA .I**
**Std. 9A**

കവിത

# മഴ

കാർമേഘങ്ങളുടെ
കണ്ണുനീർത്തുള്ളിയോ
അതോ ആനന്ദക്കണ്ണീരായി മഴ
സകല ജീവജാലങ്ങൾക്കും
വെള്ളം നൽകുമ്പോൾ
നിന്റെ ദാഹം എങ്ങനെ
മായ്ക്കും പ്രിയമേഘമേ
നീ എന്നെ സ്പർശിക്കുമ്പോൾ
എന്തുകൊണ്ടോയെന്നറിഞ്ഞീല
എന്നിലെ മോഹങ്ങൾ
ചിറകടിച്ചുണരുന്നു
കാർമേഘങ്ങളുടെ
കണ്ണുനീർത്തുള്ളിയോ
അതോ ആനന്ദക്കണ്ണീരോ
ഈ മഴ.....

Sathika S B
STD. 9B

# THE TRUE FRIENDSHIP

It was a fine day. Ram and Raj went out sailing. They were enjoying the sun and the sea. They chatted happily about things. They came far away from the shore.

Ram said,’’come Raj, let us return home’’.Raj agreed. The two friends turned their boat towards the shore.

All of sudden,the sky grew dark. Strong winds started blowing. A hailstrom had set in. The boat racked heavily. The friends had no other go than to jump into the sea.

At that moment,a plank came floating that way. Both the friends jumped at the plank and held it tightly. But, to their dismay, they found that the plank was too light to hold two persons. Only one would be able to survive.

Ram said, ‘Raj you hold the plank. You are married and a family depend eat on you’. Raj said,’Ram, you have a mother a sister. You hold on to the plank’’



Ram said, ‘if I die, you can support my family, but it would be in appropriate for me to support your’s ’.saying so ram let go of the plank and he was washed away by the strom.

Raj survived to support his family and that of his friend.......

**Vaishnavi .R**
**Std. 9B**

# UGLY CRITICISMS

There once lived a camel. He had a habit of criticising others. He never bothered about the effect of his comments.

He went to the cow and said, “Hey, look at your ribs, they bulge out and it looks as though they would pierce out and come off. Look at those ugly patches on your body.”

He went to the buffalo and said, “Look at your colour. It seems as though the creater was in his black moods when he created you”.

He went to the squirril and said, ‘You poor tiny creature. You look as if you would crumple at any moment. Look at those ugly lines along your body’.

He went to the elephant and said,‘surely, the creature must have been in his funny moods to have you. Look at your body all your parts are out of shape and proportion. Big ears and small eyes. Oh! How ugly are you!’.


All the animals hung they head in shame and went off silently. The camel had a sneering laugh. Just then, a jackal passed that way. He had over headed the unbecoming comments of camel.

The jackal called the camel and said,‘hey camel! Have you ever looked at yourself. You are ugliest of all ugly animals. Look a horrible lump at your back!’

Now it was the camel’s turn to hang his head.

BY
ARCHANA.ANIL
Std. IX


# DIGITAL PAINTING



**JOWIN J JAMES**
**STD. IX**

കവിത

# മിന്നാമിന്നി



അന്നം പിന്നം കാട്ടിനകത്തൊരു
മിന്നാമിന്നിയിരിക്കുന്നു.
ചന്നം ചിന്നം മഴപെയ്യുമ്പോൾ
മിന്നാമിന്നി ചിണുങ്ങുന്നു.
അയ്യയ്യോ മഴയിപ്പോൾ പെയ്താ-
ലെങ്ങനെ മിന്നി നടക്കും ഞാൻ
മിന്നാമിന്നികൾ മിന്നാതെങ്ങനെ
ചിന്നും ഭൂമിയിലീ വെട്ടം?
അന്നേരത്തൊരു മിന്നൽ മിന്നി
മിന്നാമിന്നി വിറച്ചയ്യോ!
എത്തറ ചെറുതാണെന്റെ വെളിച്ചം
ഒത്തിരി വലുതാ മിന്നൽ വെളിച്ചം
എത്തറയെത്തറ മിന്നാമിന്നികൾ
ഒത്തു തെളിച്ചീ മിന്നൽ വെളിച്ചം
കുതുകം പൂണ്ടിട്ടിലയുടെയടിയിൽ
മിന്നാമിന്നി മയങ്ങുന്നു.

By
Amritha.S
Std. IX-B

# SERVANT

Birbal, the wisest of all courtiers in the court of Akbar, was having a walk. When he turned the corner of a market he was met by a rich merchant. The merchant said, ‘sir, there has been a theft in my house. I suspect one of my servants to be the thief. Kindly help me sir’.

Birbal called all the servants and gave them each a stick of the some length and said, ‘This is a magic stick. When this is in the hands of the thief it will grow by an inch a day. Let us see tomorrow’.

The servants who had stolen thought, ‘if i cut the stick by an inch, tomorrow it will be the original length’. So, he cut the stick by an inch. The next day, Birbal assembled the servsnt and found the thief-servant to be shorter. He said, ‘You are thief. The stick i gave was just an ordinary stick. Your evil mind has betrayed you’.

Arathy S
Std. 9B

കവിത

# ഓർമ!

ജീവിത പന്ഥാവിനോരത്തിലെങ്ങോ ഒരുനാൾ വിരിഞ്ഞൊരു പുഷ്പമല്ലോ എന്നുള്ളിൽ നിറഞ്ഞുനിന്നാനന്ദമേകിടുംഅനശ്വരമാമൊരോർമ്മ.മിഴിനീരെൻ കവിൾത്തടം തഴുകിയൊഴുകുമ്പോൾ ഹൃദയത്തിൽ നൊമ്പരം നിറഞ്ഞീടുമ്പോൾ സ്നേഹാർദ്രമാം തൻ കൈകൾ കൊണ്ടെന്റെ മനസ്സിന്റെ മിഴിനീർ തുടച്ചൊരോർമ്മ. എൻ വാടിയിൽ വിടരും പനിനീർമൊട്ടിനെ വാത്സല്യമോടെ ഞാൻ നോക്കും നേരം ഹൃദയത്തിൽ അമ്മതൻ സ്നേഹ വാത്സല്ല്യങ്ങൾ പനിനീരായി തൂകിനിറച്ചൊരോർമ്മ. അർകനെ മൂടുന്ന മേഘക്കണങ്ങൾപോൽ,മനസ്സിൽ വിഷാദമാം കൂരിരുൾ നിറയുമ്പോൾ,ഒരു ദീപനാളമായ് ഇരുളിനെ മുറിച്ചുകൊണ്ടായിരം സ്വപ്നങ്ങളേകിയൊരോർമ്മ.

സ്നേഹത്തിൻ പൂന്തേൻ തേടി ഞാനൊരു പൂത്തുമ്പിയായ് ദാഹിച്ചലയും നേരം പിന്നിട്ട ജീവിതത്താമരപ്പൂവിൽ നിന്നാനന്ദത്തേനായ് ഒഴുകിയൊരോർമ്മ. ജീവിതസാഗരമനന്തമായെൻ മുന്നിൽ തിരമാല വീശി പരത്തിയൊരോർമ്മ അകലെയാസാഗരസീമയിൽ പ്രതീക്ഷതൻ നറുവെട്ടം പരത്തിയൊരോർമ്മ

Madhav M
Std. 8B

കുറിപ്പ്

# കുഞ്ഞുണ്ണി മാഷ്

സമാഹരണം ,


ഗോപിക അഭിലാഷ്

Std. VIII C



മലയാളത്തിലെ ആധുനിക കവികളിൽ ഒരാളാണ് കുഞ്ഞുണ്ണി മാഷ്. 1927 മെയ് 10-ന് തൃശ്ശൂർ ജില്ലയിലെ വലപ്പാടിൽ ജനിച്ചു . ഞായപ്പള്ളി ഇലത്തെ നീലകണ്ഠൻ മൂസത്തിന്റെയും ,അതിയാരത്തു നാരായണി അമ്മയുടെയും മകനാണ് കുഞ്ഞുണ്ണി മാഷ്. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് അതിയാരത്ത് കുഞ്ഞുണ്ണി നായർ എന്നാണ്. ദീർഘകാലം അധ്യാപക നായിഅദ്ദേഹം സേവനമനിഷ്ഠിച്ചു. ഭാഷയുടെ മർമ്മം അറിഞ്ഞ കുഞ്ഞു വരികൾകൊണ്ട് വലിയ ആശയങ്ങൾ കവിതചെപ്പിൽ ഒതുക്കുന്ന കവി. ചിത്രകലയും പ്രാവീണ്യമുണ്ടായിരുന്നു. കേരള സാഹിത്യ അക്കാദമി പുരസ്കാരം ,ജന്മാഷ്ടമി പുരസ്കാരം മുതലായ ബഹുമതികൾ ലഭിച്ചു.പ്രധാന കൃതികൾ :- കുഞ്ഞുണ്ണി കവിതകൾ, വിത്തും കൈക്കോട്ടും,അക്ഷരത്തെറ്റ്,പതിനഞ്ചും പതിനഞ്ചും,നാടൻ കവിതകൾ, നമ്പൂതിരി ഫലിതങ്ങൾ,കുറ്റി പെൻസിൽ. സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് തുള്ളൽക്കഥകൾ എഴുതി അദ്ദേഹം സ്വയം അവതരിപ്പിച്ചു . 2006 മാർച്ച് 26-ന് വലപ്പാട്ടുള്ള തറവാട്ടിൽ അന്തരിച്ചു.

# PAINTINGS





**ADITHYAN VIJILAL**
**STD. IX**

# മഹദ് വചനങ്ങൾ

വായിച്ചാൽ വളരും വായുച്ചില്ലങ്കിലും വളരും,വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും

-കുഞ്ഞുണ്ണിമാഷ്

പുസ്തകങ്ങൾ ഇല്ലാത്ത മുറി,ആത്മാവില്ലാത്ത ശരീരം പോലെയാണ്

-ക്രിസ്ററഫർ മോർളി

പുസ്തകങ്ങൾ തടവിലാക്കെപ്പട്ട

ആത്മാക്കളാണ്.അലമാരകളിൽ നിന്നും പുറത്തെടുത്ത് വായിക്കുമ്പോഴാണ് അവയ് ക്ക മോചനം സിദ്ധിക്കുന്നത്

-സാമുവൽ ബട്ലർ

**ALONA SHAJI**
**STD. VIII**

കവിത

# ഭാവനാമാല്യം

മാരിവിൽ വർണ്ണമേ
നിന്നെക്കൊതിച്ചെന്റെ
മാനസമാനന്ദനൃത്തമാടി
ആടിയും പാടിയും ചാടിയുമോടിയും
നല്ലകാലവും മെല്ലെകടന്നുപോയി.
പോയ്പ്പോയകാലം
ചികഞ്ഞൊന്നു നോക്കവേ
കമനീയരാഗത്തിൻ
മോഹവർണ്ണങ്ങൾ തെളിഞ്ഞു.
നിൻമുഗ്ധരാഗത്തിനുള്ളിൽ
വിലയിച്ച രാഗാരങ്ങൾ തുളുമ്പി
സ്വർഗ്ഗീയ സമീപകരും നിമിഷങ്ങൾ
എത്ര പവിത്രമെത്രമോഹനം.
കണമിഴിക്കോണിലോ ദുഃഖം
തളം കെട്ടിയേകയായ് ചിന്തിച്ചിരിക്കെ-
ചാരത്തുവന്നുപ്രഭചൊരിഞ്ഞുനിൽക്കുകിൽ
ഏകാംനിനക്കൊരുപുഷ്പമാല്യം
മറ്റാരും തൊടാതെനിൻഹൃത്തിൽ
സൂക്ഷിക്കുവാടാതെയച്ചെറുമാല്യംയ

ജോവിൻ ജെ ജെയ്ംസ്
Std. IX B

കവിത

# നമ്മളൊന്ന്

ആയിരം പൂക്കളിറുത്തു , ഞങ്ങ
ളാവണിപ്പൂക്കളം തീർത്തു.
ആമോദത്തോപ്പിൽ പറന്നു , നല്ലൊ-
രോണക്കുരുവിതൻ കൂട്ടം
തുമ്പയും തെച്ചിയും പൂത്തു നീളെ
മന്ദാരപ്പൂക്കൾ ചിരിച്ചു
മുക്കുറ്റി മുന്നിൽ നിരന്നു
ചേറിൽ തളിരിട്ടൊരാമ്പൽ-
പൂക്കളേറെ സുഗന്ധം പരത്തി
ഓമൽ തിരുവോണസ്വപ്നം , നമ്മൾ-
ക്കേകുന്നതൈക്യ സന്ദേശം.
വർണംമാചാരം വിഭിന്നം നമ്മ-
ളൊന്നായി നിന്നാലൊരോണം

അക്ഷയ്
Std. IX B

# NEYYAR IRRIGATION

The Neyyar irrigation project commissioned in 1959 irrigates an area of 11665 hectares in Thiruvananthapuram.Neyyar is the source of water for the reservoir.
The length of the dam is 294.13 meters and the height is 50.0 meters . The catchment draining into the reservoir covering an area of 140 sq kms .of forest land receives an annual average rainfall of about 226 cms.from two monsoons.The total length of the main canal and its branches is 266 kms.

**ROSLIN JACOB**
**Std. IX**

# ANIMAL HUSBANDRY & DIARY

The regional poultry farm and the district livestock farm at kudappanakunnu,the dry stock farm at palode the intensive poultry block at pettah clinical lab broiler farm piggery vetenary sub centres veterinary bioligical institute disease investigation office livestock disease control unit and the SPCA are the major animal husbandry institution in the district.

**BHAGYALEKSHMI**
**STD. IX**

കുറിപ്പ്

# ചങ്ങമ്പുഴ കൃഷ്ണപിള്ള

അന്ന് ഉത്തര തിരുവിതാംകൂറിൽ ഉൾപ്പെട്ടിരുന്ന[ഇപ്പോൾ എറണാകുളം ജില്ലയിൽ]ഇടപ്പള്ളിയിൽ 1911ഒക്ടോബർ 10 ന് ജനനം. ചങ്ങമ്പുഴത്തറവാട്ടിലെ പാറുക്കുട്ടിയമ്മയാണ് മാതാവ്. തെക്കേടത്തു വീട്ടിൽ നാരായണമേനോൻ പിതാവും.

ഇടപ്പള്ളി മലയാളം പ്രൈമറി സ്കൂൾ,ശ്രീകൃഷ്ണവിലാസ സ്കൂൾ ആലുവ സെന്റ് മേരിസ് സ്കൂൾ എറണാകുളം സർക്കാർ ഹൈസ്കൂൾ സെന്റ് ആൽബർട്ട്സ് സ്കൂൾ എന്നിവടങ്ങളിൽ നിന്നായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.ഹൈസ്കൂൾ വിദ്യാഭ്യാസം അവസാനിച്ച കാലത്താണ് അദ്ദേഹത്തിന്റെ സുഹൃത്തും ഇടപ്പള്ളി പ്രസ്ഥാനത്തിന്റെ ജനയിതാക്കളിൽ ഒരാളും കവിയുമായിരുന്ന ഇടപ്പള്ളി രാഘവൻപ്പിള്ള ആത്മഹത്യ ചെയ്തത്. ഈ സംഭവം പ്രേരണമായി. മലയാള സാഹിത്യത്തിലെ അതിപ്രശസ്തമായ കൃതികളിലൊന്നായി രമണൻ മാറി. എറണാകുളം മഹാരാസ് കോളേജിലും തുടർന്ന് തിരുവനന്തപുരം ആർട്ടസ് കോളേജിലും പഠിച്ച് അദ്ദേഹം ഓണേഴ്സ് ബിരുദം നേടി. മഹാരാജാസ് കോളേജിൽ പഠിക്കുന്ന കാലത്തു തന്നെ ചങ്ങമ്പുഴ പ്രശസ്തനായ കവിയായിത്തീർന്നു. പല പ്രസിദ്ധകൃതികളും അന്നു പുറത്തുവന്നിരുന്നു. വിദ്യാഭ്യാസ കാലഘട്ടം അവസാനിക്കും മുമ്പുതന്നെ അദ്ദേഹം ശ്രീദേവി അമ്മയെ വിവാഹം ചെയ്തു. രണ്ടു വർഷത്തിനുശേഷം ജോലി രാജിവെച്ചു. 1948 ജൂൺ 17 ന് തൃശ്ശൂർ മംഗളോദയം നഴ്സിങ്ങ് ഹോമിൽവച്ച് അദ്ദേഹം അന്തരിച്ചു. അപ്പോൾ 36 വയസ്സുമാത്രമായിരുന്നു അദ്ദേഹത്തിന്.

പ്രധാനകൃതികൾ- രമണൻ, ബാഷ്പാഞ്ജലി, സങ്കല്പകാന്തി, സ്പന്ദിക്കുന്ന അസ്ഥിമാടം

**JYOTHIKA ABHILASH**
**STD. IX**

# Kathakali

**NANDANA HARI**
**STD. IX**



**kathakali is an art form of kerala.**
**In kathakali dance,acting, and the mudras are equally important as the music. Kathakali can be learned only through continues practice.**
**It is mostly practised in kalamandalam.kathakali is known as a devine artform.**

കവിത

# പ്രകൃതി

മധുരമീ ജീവിതം
അതിൽ നിറയും മധുവസന്തം
മനസ്സിൽ തംബുരുവിൽ
മധുരരാഗം രുവും
പ്രകൃതി നിൽ തളിരംഗുലികൾ
മഴവില്ലായ് തെളിയുന്നു
അകതാരിൻ വാനിൽ നീ
മഴയായ് പെയ്യുന്നു
മണലാരണ്യഭൂവിൽ നീ
നീയാം പൂന്തടത്തിൽ
പാറി വന്നൊരു മധുപൻ ഞാൻ
മഞ്ഞുപോൽ നിറയുന്നു
ഞാനാം പൂൽമേട്ടിൽ നീ
പുഴപോൽ ഒഴുകുന്നു
സുന്ദരി നിന്നുള്ളിൽ ഞാൻ
പാടാം പ്രക്രതിദേവി നിനക്കായ്
എന്നിൽ പൂത്തുലയും ഈ ഹ്രദയഗാനം.

നിരഞ്ജന
Std. IX

കവിത

# ദൈവം കണ്ണടയ്ക്കുന്നു

പദ്മ എ. ആർ.

Std. IX

മരണവുമായ് വരുമെമന്നൊരുനാൾ

മധുരമീ ജീവിതമിലപോൽ കൊഴിയും

മതിവരെ നുകരും മുൻപേ വിടചൊല്ലും

മനുജനീ ഭൂവിലൽപനേരം മാത്രം സ്വന്തം

ഉൺമയറിയുന്നവർ വിരളം

അറിഞ്ഞിട്ടുംമറിയാതെ നടിപ്പവർ അധികം

ഓടിക്കിതയ്ക്കുന്നു നാം.

# Public Distribution System

There is a wide network of public distribution units in the district, comprising of 1862 retail ration depots and 32 wholesale shops. The number of ration cards issued in the district is 759386.

the kerala state civi supplies corporation has opened maveli stores through which all essential commodities are being sold at reasonable prices. The super markets in thiruvananthapuram city sells almost all kinds of commodities ranging from groceries to wristwatches at present there are 79 maveli stores, 2super markets,39 kerosene depots, 13 labham markets, 2 mobile maveili stores, 5 maveli medical stores and 4 petrol bunks in the district, besides co-operative maveli stores and lpg outlets.

**SIDHI PILLAI**
**Std. IX**

# A R RAHMAN

A.R. Rahman is popularly known as the man who has redefined contemporary Indian music. He is hailed by the Time Magazine as the 'MOZART OF MADRAS'.

Rahman pursued music as career from a very young age. In1991, the noted film maker Mani Ratnam offered a movie called 'Roja', which brought him nation-wide fame and many awards. Rahman has won the National Award three times.

In 2008, Rahman's work gained global prominence with his score for the film 'Slumdog Millionaire'. Rahman has been bestowed with the 'Padma Bhushan' and 'Padma Sri',two of India's highest National
honours, in recognition of his contribution to music. He was also named by the Time as of the 100 most influential people in the world in 2009.

**NAVANEETH**
**Std. IX**